കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# കോട്ടത്തറ ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2016-17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

വയനാട് ജില്ലാ ഓഡിറ്റ് കാര്യാലയം

e-mail:dowyd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ.(ഡബ്ള്യൂ.വൈ.ഡി) പി4/423 /2017.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

വയനാട് , കൽപ്പറ്റ.

തീയതി.02/08/2017

ഡെപ്യൂട്ടി ഡയറക്ടർ

വയനാട് ജില്ല

സെക്രട്ടറി

കോട്ടത്തറ ഗ്രാമപഞ്ചായത്ത്.

സർ,

വിഷയം :- കോട്ടത്തറ ഗ്രാമപഞ്ചായത്ത് - 2016-17സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കോട്ടത്തറ ഗ്രാമപഞ്ചായത്തിന്റെ - 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :-

1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.(ഡബ്ള്യൂ.വൈ.ഡി) പി4/423 /2017.

തീയതി.02/08/2017

വയനാട് ജില്ലയിലെ കോട്ടത്തറ ഗ്രാമപഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

വയനാട് ജില്ലയിലെ കോട്ടത്തറ ഗ്രാമപഞ്ചായത്തിന്റെ - 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി 01.04.2016 തിയ്യതി മുതൽ 31.03.17 വരെയുമുള്ള വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയുംപരിശോധിച്ചു .

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥൻ | ശ്രീ. രതീഷ് കുമാർ പി.എം.<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 28.06.2017 മുതൽ<br>11.07.2017 വരെ |
| ഓഡിറ്റ്<br>നടത്തിയ<br>ഉദ്യോഗസ്ഥർ | ശ്രീ.അഗസ്റ്റ്യൻ ഒ.കെ<br>ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേഡ്) |
| | ശ്രീ.സമീർ എം.<br>സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ ജയൻ പി.,<br>ഓഡിറ്റർ |

(ബി) നിർവഹണ അധികാരികൾ

| | | |
|---|---|---|
| പ്രസിഡണ്ട് | ലീലാമ്മ ജോസഫ് | 01.04.2016മുതൽ<br>31.03.2017 വരെ |
| വൈസ് പ്രസിഡന്റ് | വി.എൻ ഉണ്ണികൃഷ്ണൻ | 01.04.2016മുതൽ<br>31.03.2017 വരെ |
| സ്റ്റാന്റിംഗ്കമ്മിറ്റി ചെയർമാൻ (വികസന കാര്യം) | പ്രീത മനോജ് | 01.04.2016മുതൽ<br>31.03.2017 വരെ |
| സ്റ്റാന്റിംഗ്കമ്മിറ്റി (ക്ഷേമകാര്യം) | കെ.കെ സരോജിനി | 01.04.2016മുതൽ<br>31.03.2017 വരെ |

| | | |
|---|---|---|
| | | |
| സ്റ്റാന്റിംഗ്കമ്മിറ്റി ചെയർമാൻ(ആരോഗ്യം വിദ്യാഭ്യാസം ) | ശോഭ ശ്രീധരൻ | 01.04.2016മുതൽ<br>31.03.2017 വരെ30510652147 sbi vaniamkulam.radha.p |
| സെക്രട്ടറി | ശ്രീജിത്ത് കെ | 01.04.2016മുതൽ<br>31.03.2017 വരെ |

(സി) നിർവഹണ ഉദ്യോഗസ്ഥർ

| | | |
|---|---|---|
| മെഡിക്കൽ ഓഫീസർ<br>(പി എച്ച്.സി) | ഡോ.അജേഷ് പി.പി | 01.04.2016മുതൽ<br>31.03.2017 വരെ |
| മെഡിക്കൽഓഫീസർ (ഹോമിയോ) | ഡോ.ജെറാൾഡ് ജയകുമാർ | 01.04.2016മുതൽ<br>31.03.2017 വരെ |
| മെഡിക്കൽഓഫീസർ (ആയുർവേദം) | ഡോ.ഉണ്ണികൃഷ്ണൻ | 01.04.2016മുതൽ<br>26.04.2016 വരെ |
| | ഡോ.ജീജ .സി | 27.04.2016 മുതൽ<br>31.03.2017 വരെ |

| | | |
|---|---|---|
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | സൈനബ. സി.ഐ | 01.04.2016മുതൽ 31.03.2017 വരെ |
| വെറ്ററിനറി സർജൻ | ഡോ.ജവാദ്. എൻ | 01.04.2016മുതൽ 31.03.2017 വരെ |
| വി ഇ ഒ | ഷൈല .പി.വി | 01.04.2016മുതൽ 31.03.2017 വരെ |
| വി ഇ ഒ | ദേവകി .കെ.സി | 01.04.2016മുതൽ 31.03.2017 വരെ |
| കൃഷി ഓഫീസർ | ധന്യ | 01.04.2016മുതൽ 02.07.2016 വരെ |
| കൃഷി ഓഫീസർ | നീമ. പി.എം | 03 . 07.2016 മുതൽ 24.01.2017 വരെ |
| കൃഷി ഓഫീസർ | സായൂജ് .വി | 03.02.2017 മുതൽ 31.03.2017 വരെ |
| അസി .എഞ്ചിനീയർ | തങ്കച്ചൻ ഇ.എ | 01.04.2016മുതൽ 31.03.2017 വരെ |
| ഹെഡ് മാസ്റ്റർ | സുപ്രൻ | 01.04.2016മുതൽ |

| | | |
|---|---|---|
| | | 31.03.2017 വരെ |
| ടി.ഇ.ഒ | ഉമാദേവി | 01.04.2016മുതൽ<br>31.03.2017 വരെ |

ഉള്ളടക്കം

| ക്രമ നം. | ഭാഗം 1- പൊതു അവലോകനം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |

| | | | |
|---|---|---|---|
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തനത് വരുമാനം. | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 | |
| | ഭാഗം 2 - വരവുകണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 12 | വാർഷിക കണക്കുകളുടെ അപാകതകൾ | 2-1 | |
| 13 | തനത് വരുമാനം രണ്ട് അക്കൗണ്ടിൽ അടവാക്കുന്നു | 2.2 | |
| 14 | ഇ-ടെണ്ടർ - ടെണ്ടർ ഫോറം വില പഞ്ചായത്ത് ഫണ്ടിൽ വരവ് വെച്ചില്ല-വാർഷിക കണക്ക് അപൂർണ്ണം | 2.3 | |

| | | | |
|---|---|---|---|
| 15 | വാണിജ്യകെട്ടിടത്തിന് വസ്തുനികുതി കുറവ് ഈടാക്കി | 2.4 | |
| 16 | തൊഴിൽ നികുതി പിരിവിലെ അപാകങ്ങൾ | 2.5 | |
| 17 | ഡി & ഒ ലൈസൻസ് നല്കുന്നതിലെ അപാകങ്ങൾ | 2.6 | |
| 17 | പ്രൊഫഷണൽ കോഴ്സിന് പഠിക്കുന്ന പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ്പ് ടോപ്പ്-പൂർണ്ണമായ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയില്ല. | 3-1 | |
| 18 | പട്ടിക വർഗ്ഗ യുവതി യുവാക്കൾക്ക് പിക്കപ്പ് വാൻ-അനർഹർക്ക് ആനുകൂല്യം നല്കി. | 3-2 | |
| 19 | എസ്.ടി വനിതകൾക്ക് ഭവന നിർമ്മാണം പൂർണ്ണമായ രേഖകൾ ഹാജരാക്കിയില്ല | 3-3 | |
| 20 | എസ്.ടി വനിതകൾക്ക് ഭവന നിർമ്മാണം പൂർണ്ണമായ രേഖകൾ ഹാജരാക്കിയില്ല | 3-4 | |

| | | | |
|---|---|---|---|
| | | | |
| 21 | പട്ടിക വർഗ്ഗ ഭവന പുനരുദ്ധാരണം-പൂർണ്ണമായ രേഖകൾ ഹാജരാക്കിയില്ല. | 3-5 | |
| 22 | 60 വയസ്സ് കഴിഞ്ഞവർക്ക് തടി കട്ടിൽനല്കൽ (പട്ടിക വർഗ്ഗം)-അപാകങ്ങൾ | 3-6 | |
| 23 | എസ്.ടി വിദ്യാർത്ഥികൾക്ക് യൂണിഫോം, ബാഗ്,കുട,ചെരിപ്പ്- പൂർണ്ണമായി വിതരണം ചെയ്തിട്ടില്ല | 3-7 | |
| 24 | പോത്തുകുട്ടി വിതരണം( എസ്.ടി വിഭാഗം)- പൂർണ്ണമായ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയില്ല. | 3-8 | |
| 25 | പട്ടിക വർഗ്ഗ വനിതകൾക്ക് പശു വിതരണം- പശുവിനെ ഇൻഷ്വർ ചെയ്തില്ല. | 3-9 | |

| | | | |
|---|---|---|---|
| 26 | വനിതകൾക്ക് പശു വിതരണം (ജനറൽ)- അനർഹർക്ക് ആനുകൂല്യം നല്കി. | 3-10 | |
| 27 | പ്രത്യേക കന്നുകുട്ടി പരിപാലനം (എസ്.ടി വിഭാഗം)-രേഖകൾ മുഴുവനും ഹാജരാക്കിയില്ല. | 3-11 | |
| 28 | പാലിന് സബ്സിഡി നല്കൽ-തുക കർഷകർക്ക് കൈമാറിയില്ല. | 3-12 | |
| 29 | വെറ്ററിനറി ഡിസ്പെൻസറിക്ക് ഇൻവെട്ടർ വാങ്ങി -ഇൻസ്റ്റാൾ ചെയ്തിട്ടില്ല | 3-13 | |
| 30 | തെരുവ് നായ നിയന്ത്രണം-2016-17-വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. | 3-14 | |
| 31 | കൃഷി ഓഫീസർ നടപ്പിലാക്കിയ വിവിധ പദ്ധതികളിലെ പൊതുവായ അപാകങ്ങൾ. | 3-15 | |

| | | | |
|---|---|---|---|
| | | | |
| 32 | ജലസേചന കിണർ( എസ്.ടി വിഭാഗം) പൂർണ്ണമായ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയില്ല. | 3-16 | |
| 33 | സമഗ്രപുരയിട കൃഷി വികസനം(ജനറൽ, ടി.എസ്.പി) പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ | 3-17 | |
| 34 | സബ്സിഡി നിരക്കിൽ നെൽവിത്ത് വിതരണം( ജനറൽ)-രേഖകളൊന്നും ഓഡിറ്റിന് ഹാജരാക്കിയില്ല. | 3-18 | |
| 35 | നെൽകൃഷി കൂലി ചെലവ് സബ്സിഡി(ജനറൽ വിഭാഗം,ടി.എസ്.പി വിഭാഗം) പൂർണ്ണമായ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയില്ല | 3-19 | |
| 36 | പച്ചക്കറികൃഷി കൂലി ചെലവ് സബ്സിഡി (ജനറൽ വിഭാഗം, ടി.എസ്.പി വിഭാഗം) വിതരണ വിവരം | 3-20 | |

| | | | |
|---|---|---|---|
| | പൂർണ്ണമല്ല | | |
| 37 | അങ്കണവാടികളിൽ വിതരണം ചെയ്യുന്ന ന്യൂട്രിമിക്സ് സാമ്പിളുകൾ യഥാസമയം പരിശോധനയ്ക്ക് വിധേയമാക്കുന്നില്ല. | 3-21 | |
| 38 | അൺഫിറ്റായ കെട്ടിടത്തിൽ അങ്കണവാടി പ്രവർത്തിക്കുന്നു | 3-22 | |
| 39 | വിദ്യാർത്ഥികൾക്ക് കായിക പരിശീലനവും സ്പോർട്സ് - ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പൂർണ്ണമല്ല | 3-23 | |
| 40 | ബാലസഭ സംഘാടനം - ചെലവ് രേഖകൾ മുഴുവൻ ഹാജരാക്കിയിട്ടില്ല. | 3-24 | |

| | | | |
|---|---|---|---|
| | | | |
| 41 | ജലനിധി വിഹിതം അടക്കൽ - വിനിയോഗ രേഖകൾ ഹാജരാക്കിയില്ല | 3-25 | |
| 42 | വിനിയോഗ സാക്ഷ്യപത്രം - ഗുണഭോക്തൃ ലിസ്റ്റ് ഹാജരാക്കിയിട്ടില്ല.- അധിക തുക ബ്ലോക്ക് പഞ്ചായത്തിൽ ഒടുക്കി | 3-26 | |
| 43 | പി.എച്ച്.സി ക്ക് മരുന്ന് വാങ്ങൽ- മരുന്ന് ലഭിച്ചിട്ടില്ല | 3-27 | |
| 44 | പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ മരുന്ന് നാളിതുവരെ ലഭിച്ചിട്ടില്ല. | 3-28 | |
| 45 | മൈലാടി - കോട്ടത്തറ റോഡ് മെയിന്റനൻസ് വർക്ക്- മൂല്യനിർണ്ണയം കണക്കാക്കിയതിലെ അപാകത നിമിത്തം അധിക ചെലവ് | 3-29 | |

| | | | |
|---|---|---|---|
| 46 | കൊളവയൽ കോളനി നടപ്പാത കോൺക്രീറ്റ്- എസ്റ്റിമേറ്റിൽ<br><br>ഇല്ലാത്ത പ്രവർത്തിക്ക് തുക അനുവദിച്ചു. | 3-30 | |
| 47 | തൊഴിലാളി ക്ഷേമനിധി വിഹിതം അടച്ചത് - കൈപ്പറ്റ് വിവരം ഇല്ലാത്തത് -സംബന്ധിച്ച്. | 3-31 | |
| 48 | ചെറുപുഴ-മാങ്ങോട്ടുകുന്ന് റോഡ് ടാറിംഗ് - കേട്ടുപാട്ടുകൾ സംബന്ധിച്ച് | 3-32 | |
| | ഭാഗം 4<br><br>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | |
| 49 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 50 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |

| | | | |
|---|---|---|---|
| | | | |
| 51 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 52 | വായ്പ / വായ്പ തിരിച്ചടവ് | 4-4 | |
| 53 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 54 | ഓഡിറ്റ് റിക്കവറി | 4-6 | |
| 55 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 | |
| 56 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 57 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17വർഷത്തെ ബജറ്റ് 01.03.2016 തീയതിയിലെ 32/16 തീരുമാന പ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.17 | 10.07.2017 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2016-17 | ഓഡിറ്റ് സമയത്ത് പരിശോധിച്ചു. | അനുബന്ധമായി ചേർത്തിട്ടുണ്ട് |

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം.

| | |
|---|---|
| മുന്നിരിപ്പ് | 10195223 |
| വരവ് | 75247990 |
| ആകെ | 85443213 |

| | |
|---|---|
| ചെലവ് | 71147216 |
| നീക്കിയിരിപ്പ് | 14295997 |

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | ട്രാൻസ്ഫർ ക്രെഡിറ്റ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 9475157 | 9475157 | 9295953 | 179204 | 0 |
| വികസനഫണ്ട് എസ്.സി.പി. | 0 | 964324 | 964324 | 862400 | 10467828 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 12228687 | 12228687 | 10467828 | 1760859 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 9998778 | 9998778 | 5319939 | 4678839 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 2554755 | 2554755 | 936947 | 4678839 | 0 |
| ലോകബാങ്ക് സഹായം(സെൻട്രൽ) | 0 | 13937760 | 13937760 | * 3435833 | 10501927 | 0 |
| ലോകബാങ്ക് സഹായം(സ്റ്റേറ്റ്) | 0 | 80,00000 | 80,00000 | * 0 | 80,00000 | 0 |

| | | | | | | |
|---|---|---|---|---|---|---|
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 5314055 | 5314055 | 3113485 | 2200570 | 0 |

ലോകബാങ്ക് സഹായം (സ്റ്റേറ്റ്)ഇനത്തിൽ ലഭിച്ച 80,00000/- രൂപ ചെലവഴിച്ചില്ല. ലോകബാങ്ക് സഹായം (സെൻട്രൽ) ഫണ്ടിൽ നിന്നുള്ള ചെലവ് വെറും 25% വുമാണ്.

# 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | പദ്ധതി ചെലവ് | നടപ്പാക്കിയത് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 165 | 89231340 | 35447815 | 85 | 66 | 14 | 51.5% |

# 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം രൂപയുടെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 1485506 | 1767524 | 282018 | (+ )19 |
| നികുതിയേതര വരവുകൾ | 521798 | 320495 | -201303 | (-)39 |
| മറ്റുവരവുകൾ | 106926 | 179426 | 72500 | (+)68 |
| ആകെ | 2114230 | 2267445 | 153215 | (+)7 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| തൊഴിൽരഹിത വേതനം | 57 | 101280 |
| കർഷകതൊഴിലാളി പെൻഷൻ | 364 | 3448800 |
| വിധവാപെൻഷൻ | 656 | 6103600 |
| വാർദ്ധക്യകാലപെൻഷൻ | 1074 | 10566600 |
| വികലാംഗപെൻഷൻ | 173 | 1399200 |
| അവിവാഹിത പെൻഷൻ | 7 | 60200 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 01.07.2017ന് ഉച്ചയ്ക്ക് 12.45ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2890/- രൂപ (രണ്ടായിരത്തി എണ്ണൂറ്റിതൊണ്ണൂറ് രൂപാ മാത്രം) ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം.

| ഓഡിറ്റ് | അവസാനം ഓഡിറ്റ് | ഓഡിറ്റ് | റിപ്പോർട്ട് ലഭിച്ച |
|---|---|---|---|

| | | | |
|---|---|---|---|
| | നടത്തിയ തീയതി | കാലയളവ് | തീയതി |
| പെർഫോമൻസ് ഓഡിറ്റ് | 23.05.2017 | 10/16 മുതൽ 03/2017 വരെ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 17.06.2013 മുതൽ 29.06.2013 വരെ | 2008-09 മുതൽ 2012-13 വരെ | 02.09.2013 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷിക കണക്കുകളുടെ അപാകതകൾ.

ഓഡിറ്റിന് ഹാജരാക്കിയ 2016-17 വാർഷിക കണക്കുകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകങ്ങൾ കാണുന്നു

1) ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ പൂർത്തിയാക്കി സംക്ഷിപ്തം സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല

2) ബിൽഡിംഗ് റഗുലറൈസേഷൻ രജിസ്റ്റർ പൂർത്തിയാക്കി സംക്ഷിപ്തം സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല

3) ടെണ്ടർ ഫോം വിൽപ്പന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

4) വസ്തു നികുതി ഡിമാന്റ്, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ ഹാജരാക്കിയിട്ടില്ല

5) വിവിധ സ്റ്റോക്ക് രജിസ്റ്ററുകൾ, സ്റ്റോർ എന്നിവ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011 പ്രകാരം സെക്രട്ടറി പരിശോധിച്ച സാക്ഷ്യപ്പെടുത്തി ഹാജരാക്കിയിട്ടില്ല

6) ആസ്തി രജിസ്റ്റർ കാലികമാക്കി ഹാജരാക്കിയിട്ടില്ല

7) ഇ-ടെണ്ടർ - ടെണ്ടർ ഫോറം വില പഞ്ചായത്ത് ഫണ്ടിൽ വരവ് വെച്ചില്ല.

## 2-2 തനത് വരുമാനം രണ്ട് അക്കൗണ്ടിൽ അടവാക്കുന്നു.

കോട്ടത്തറ ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനം 2016-17 കാലയളവിൽ 30/09/2016 വരെ മടക്കിമല സർവ്വീസ് സഹകരണ ബാങ്കിന്റെ കോട്ടത്തറ ശാഖയിലെ അക്കൗണ്ട് നം 80 ലും അതിനുശേഷം കോട്ടത്തറ സർവ്വീസ് സഹകരണ ബാങ്കിന്റെ വെണ്ണിയോട് ശാഖയിലെ അക്കൗണ്ട് നം 21 ലുമാണ് അടവാക്കിയിട്ടുള്ളത്. ഭരണസമിതിയുടെ 08.08.2016 ലെ 12(1)/2016 നമ്പർ തീരുമാനപ്രകാരമാണ് അക്കൗണ്ട് മാറ്റിയത്. സർക്കുലർ നം 58725/എഫ്.എം3/2008/തസ്വഭവ തിയ്യതി 26.05.2011 പ്രകാരം തനത് വരുമാനം ഒറ്റ അക്കൗണ്ടിൽ മാത്രമേ നിക്ഷേപിക്കാവൂ. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നമ്പർ - 14 /16-17/10 .07.2017 ന് മറുപടി നല്കിയില്ല. ഒരു അക്കൗണ്ട് ക്ലോസ്സ് ചെയ്ത് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-3 ഇ-ടെണ്ടർ - ടെണ്ടർ ഫോറം വില പഞ്ചായത്ത് ഫണ്ടിൽ വരവ് വെച്ചില്ല - വാർഷിക കണക്ക് അപൂർണ്ണം.

അസി.എഞ്ചിനീയർ 2016-17 വർഷത്തിൽ ചുവടെ വിവരിച്ച പ്രവൃത്തികൾ ഇ-ടെണ്ടർ മുഖേന നടപ്പാക്കിയിട്ടുണ്ട്. എന്നാൽ ടെണ്ടർ ഫോറം വില/ഫീ ഇനത്തിൽ ലഭിച്ച തുക പഞ്ചായത്തിൽ ലഭ്യമായിട്ടില്ല. ഇതിന്റെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ.നം | ടെണ്ടർ രജി.പേജ് നം | പ്രോജക്ട് നം | പ്രവൃത്തി | അടങ്കൽ | ഫോറം വില | ആകെ ടെണ്ടറുകൾ | തുക |
|---|---|---|---|---|---|---|---|
| 1 | 29 | 177/ 17 | വാളൽ പ്രാഥമികാരോഗ്യ കേന്ദ്രം കെട്ടിടം | 1965676 | 2650+ വാറ്റ് | 4 | 10600 |
| 2 | 30 | 178/17 | മാടക്കുന്ന് മോഡൽ അങ്കണവാടി കെട്ടിടം | 1960733 | 2650+ വാറ്റ് | 4 | 10600 |
| 3 | 31 | 179/17 | നായനാർ കമ്മ്യൂണിറ്റി ഹാൾകെട്ടിടം | 1871783 | 2000+ വാറ്റ് | 2 | 5300 |
| 4 | 49 | 180/17 | വെണ്ണിയോട് | 13198136 | 5000+ | 4 | 20000 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | പാത്തിക്കൽ കടവ് റോഡ് | | വാറ്റ് | | |
| 5 | 50 | 131/17 | അങ്കണവാടി റിപ്പയർ | 1005757 | 2650+ വാറ്റ് | 1 | 2650 |
| 6 | 75 | 68/17 | മെച്ചന പുഴക്കലിടം റോഡ് | 649504 | 1400+ വാറ്റ് | 1 | 1400 |
| 7 | 74 | 131/17 | വിവധ അങ്കണ വാടി റിപ്പയർ | 1005757 | 2650+ വാറ്റ് | 1 | 2650 |
| 8 | 76 | 187/17 | വെണ്ണിയോട് ടൗൺ റിപ്പയർ | 1047387 | 2650+ വാറ്റ് | 2 | 5300 |
| 9 | 77 | 172/17 | വിവധ അങ്കണ വാടി റിപ്പയർ | 700000 | 1400+ വാറ്റ് | 2 | 2800 |
| | | ആകെ | | | | | 61300 |

ഓഡിറ്റിനായി സമർപ്പിച്ച വാർഷിക കണക്ക് പ്രകാരം (RP-5) 1,24,775/- രൂപ ടെണ്ടർ ഫോറം വിലയിനത്തിൽ വരവുണ്ട്. എന്നാൽ മേൽ 61300/- രൂപ വരവായി ലഭിച്ചത് ഈ കണക്കിൽ അക്കൗണ്ട് ചെയ്യപ്പെട്ടിട്ടില്ല. ആയതിനാൽ വാർഷിക കണക്ക് അപൂർണ്ണമാണ്. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം.05/16-17/06.07.2017ന് മറുപടിയായി ഈ തുക പഞ്ചായത്ത് ഫണ്ടിൽ അടയ്ക്കുന്നതിനായി ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയർക്ക് ഉടൻ അപേക്ഷ നല്കുന്നതാണെന്ന് അസി.എൻജിനീയർ അറിയിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ നടപടിയെടുത്ത് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-4 വാണിജ്യകെട്ടിടത്തിന് വസ്തുനികുതി കുറവ് ഈടാക്കി

ശ്രീ വി.ബി ബ്രഹ്മദേവൻ,ഹർഷനിലയം, ജൈൻ സ്ട്രീറ്റ് എന്നവർ വൈത്തിരി താലൂക്കിലെ 340/3 സർവ്വേനമ്പറിൽ 640 m2 വിസ്തീർണ്ണമുള്ള പ്ളോട്ടിൽ 995.73 m2 തറ വിസ്തീർണ്ണമുള്ള മൂന്ന് നിലയുള്ള വാണിജ്യകെട്ടിടം പണിയുന്നതിന് ബി.പി-46/2014-15 തിയ്യതി 05.12.2014ന് പ്രകാരം പെർമ്മിറ്റ് നല്കി. പുതുക്കിയ പെർമ്മിറ്റ് 25.08.2015 ന് നല്കി. ആയതിന്റെ അടിസ്ഥാനത്തിൽ 14.10.2016 ന് കെട്ടിട ഉടമ തറ നിലയുടെയും ഒന്നാം നിലയുടെയും പൂർത്തീകരണപ്ളാൻ (ഭാഗികം)സമർപ്പിക്കുകയും താഴെപ്പറയും പ്രകാരം വസ്തുനികുതി നിർണ്ണയിക്കുകയും ചെയ്തു.

പൂർത്തീകരണ പ്ലാൻ പ്രകാരം കെട്ടിടത്തിന്റെ തറവിസ്തീർണ്ണം ഇപ്രകാരമാണ്. ഗ്രൗണ്ട് നില- 245.83 m2

ഒന്നാംനില- 346.56 m2

സ്റ്റെയർ റൂം-56.78 m2

ആകെ-649.17 m2

2011 ലെ കേരളപഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും)ചട്ടത്തിന്റെ അടിസ്ഥാനത്തിലുള്ള കോട്ടത്തറ ഗ്രാമപഞ്ചായത്തിന്റെ 93/2012 തിയ്യതി 23.07.2011 നമ്പർ തീരുമാന പ്രകാരം ഈ കെട്ടിടം 100 m2 ന് മുകളിൽ തറ വിസ്തീർണ്ണമുള്ള വാണിജ്യകെട്ടിടം എന്ന ഉപയോഗക്രമത്തിലാണ് വരുന്നത്. ആയതിനാൽ അടിസ്ഥാന വസ്തുനികുതി നിരക്ക് ചതുരശ്രമീറ്ററിന് 60 /- രൂപയാണ്. ഈ കെട്ടിടത്തിന് ഈടാക്കേണ്ട വസ്തുനികുതി ഇപ്രകാരമാണ്.

<table>
<tr><th rowspan="2">ക്രമനം</th><th colspan="5">നിർണ്ണയിച്ച വസ്തുനികുതി</th><th rowspan="2">ആകെ</th><th rowspan="2">നിർണ്ണയി ക്കേണ്ടിയിരുന്ന വസ്തുനികുതി</th></tr>
<tr><th>കെട്ടിടനം& നില</th><th>തറ വിസ്തീർണ്ണം (m2)</th><th>ഉപയോഗക്രമം/ അടിസ്ഥാന നിരക്ക്</th><th>ഇളവ്(നില)/ വർദ്ധനവ് (വഴി സൗകര്യം- 20 %)</th><th>ലൈബ്രറി സെസ്(5 %)</th></tr>
<tr><td>1</td><td>10/A1- തറ നില</td><td>20.17</td><td colspan="4" rowspan="13">തറ നിലയുടെ ഉപയോഗക്രമം -ഷോപ്പ്.തറവിസ്തീർണ്ണം-310.55 m2(പൊതുവായി ഉപയോഗിക്കുന്ന തറയുടെ വിസ്തീർണ്ണം ഉൾപ്പെടെ). അടിസ്ഥാന നിരക്ക്-50/- രൂപ-വർദ്ധനവ്(വഴി സൗകര്യം)-20 %.ലൈബ്രറിസെസ്-5 %.<br>നിർണ്ണയിച്ച വസ്തുനികുതി=18645<br>ലൈബ്രറിസെസ്-940<br>ആകെ-19585/-</td><td rowspan="13">പൂർത്തീകരണപ്ലാൻ പ്രകാരം തറ നിലയുടെ വിസ്തീർണ്ണം-310.55 m2(പൊതുവായി ഉപയോഗിക്കുന്ന ഭാഗത്തിൻെറ വിസ്തീർണ്ണം ഉൾപ്പെടെ). ഈടാക്കേണ്ട വസ്തുനികുതി(വർദ്ധനവ്(വഴി സൗകര്യം)-20 %.=310.55 x60x1.2=22359.6/-<br>ലൈബ്രറി സെസ് 5%=1117.98/-<br>ആകെ-23477.58/-</td></tr>
<tr><td>2</td><td>10/A2</td><td>20.17</td></tr>
<tr><td>3</td><td>10/A3</td><td>20.67</td></tr>
<tr><td>4</td><td>10/A4</td><td>20.67</td></tr>
<tr><td>5</td><td>10/A5</td><td>20.17</td></tr>
<tr><td>6</td><td>10/A6</td><td>20.17</td></tr>
<tr><td>7</td><td>10/A7</td><td>20.17</td></tr>
<tr><td>8</td><td>10/A8</td><td>20.17</td></tr>
<tr><td>9</td><td>10/A9</td><td>17.17</td></tr>
<tr><td>10</td><td>10/A10</td><td>21.17</td></tr>
<tr><td>11</td><td>10/A11</td><td>21.17</td></tr>
<tr><td>12</td><td>10/A12</td><td>20.17</td></tr>
<tr><td>13</td><td>10/A13</td><td>20.17</td></tr>
</table>

| | | | | |
|---|---|---|---|---|
| 14 | 10/A14 | 20.17 | | |
| 15 | 10/A15 | 20.17 | | |
| 16 | 10/A16 | 8 | | |
| 17 | 10/B1 | 22.86 | ഒന്നാംനില- ഉപയോഗക്രമം -ഷോപ്പ്.തറ വിസ്തീർണ്ണം-338.3 m2അടിസ്ഥാന നിരക്ക്-50/- രൂപ-<br>നിർണ്ണയിച്ച വസ്തുനികുതി=19,363/-<br>ലൈബ്രറിസെസ് 5%=973/-ആകെ-20,336/- | പൂർത്തീകരണ പ്ലാൻ പ്രകാരം ഒന്നാം നിലയുടെ തറ വിസ്തീർണ്ണം=346.56 m2 (പൊതുവായി ഉപയോഗിക്കുന്ന ഭാഗത്തിൻെറ വിസ്തീർണ്ണം ഉൾപ്പെടെ).-(വർദ്ധനവ്(വഴി സൗകര്യം)-20 %,<br>ഇളവ് -5 %.(നില) ലൈബ്രറി സെസ് 5% .<br>ഈടാക്കേണ്ട വസ്തുനികുതി=346.56 x60x1.15=23912.64/-<br>ലൈബ്രറി സെസ് 5%=1195.632/-<br>ആകെ-25108.272/- |
| 18 | 10/B2 | 22.86 | | |
| 19 | 10/B3 | 25.17 | | |
| 20 | 10/B4 | 25.17 | | |
| | 10/B5 | 22.4 | | |
| | 10/B6 | 34.86 | | |
| | 10/B7 | 22.86 | | |
| | 10/B8 | 20.86 | | |
| | 10/B9 | 25.25 | | |
| | 10/B10 | 25.25 | | |
| | 10/B11 | 22.4 | | |
| | 10/B12 | 22.4 | | |
| | 10/B13 | 22.98 | | |
| | 10/B14 | 22.98 | | |

ഈ കെട്ടിടത്തിന് വസ്തുനികുതി നിർണ്ണയിച്ചതിൽ 8665/- രൂപയുടെ കുറവുണ്ട്( 48,586-39921).

ബി) രണ്ടാം നിലയുടെ പണി പൂർത്തീകരിക്കുമ്പോൾ ഫയർ എസ്കേപ്പ് ഗോവണി കൂടി നിർമ്മിച്ച ശേഷം പ്രസ്തുത നിലയ്ക്ക് നമ്പർ അനുവദിക്കാമെന്ന് 24.01.2017 സെക്രട്ടറി നിർദ്ദേശിച്ചിട്ടുണ്ട്. അതിനെ തുടർന്ന് 14.02.2017 ന് ഒന്നാംനിലയുടെ വസ്തുനികുതി നിർണ്ണയിച്ചിട്ടുണ്ട്. നിലവിൽ തറനിലയിലും ഒന്നാംനിലയിലും ഫയർസേഫ്റ്റി ക്ലിയറൻസ് പ്രകാരമുള്ള സജ്ജീകരണങ്ങൾ ഒരുക്കിയിട്ടില്ല. രണ്ടാം നിലയുടെ സ്ട്രക്ച്ചർ

പൂർത്തിയായിട്ടുണ്ട്. തറനിലയിലും ഒന്നാംനിലയിലും ഫയർസേഫ്റ്റി ക്ളിയറൻസ് പ്രകാരമുള്ള സജ്ജീകരണങ്ങൾ ഒരുക്കാതെ അവയ്ക്ക് നമ്പറിട്ടുകൊടുത്തു.

മേൽ വിഷയങ്ങൾ സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നമ്പർ 24 /16-17/11.11.17 ന് മറുപടി ലഭിച്ചില്ല. മേൽ അപാകങ്ങൾക്ക് വിശദീകരണം നല്കേണ്ടതാണ്. കുറവായി ഈടാക്കിയ വസ്തുനികുതി ഈടാക്കേണ്ടതും പഞ്ചായത്തിലെ 100 m2 മുകളിൽ തറവിസ്തീർണ്ണമുള്ള മറ്റ് വാണിജ്യസമുച്ചയങ്ങളുടെ വസ്തുനികുതി നിർണ്ണയിച്ചതിലും കുറവ് വന്നിട്ടുണ്ടോയെന്ന് പരിശോധിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 2-5 തൊഴിൽ നികുതി പിരിവിലെ അപാകങ്ങൾ.

1) 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി )ചട്ടങ്ങൾ പ്രകാരം പഞ്ചായത്ത് പരിധിയിൽപ്പെട്ട സ്ഥാപനങ്ങളിലെ ജീവനക്കാരുടെ വിവരങ്ങൾ സംബന്ധിച്ച് തൊഴിലുടമ സമർപ്പിച്ച ഫോറം നം.2, തൊഴിൽ നികുതി ഡിമാന്റ് പുരോഗതി വിലയിരുത്തുന്നതിനായി പഞ്ചായത്തും തൊഴിലുടമയും സൂക്ഷിക്കുന്ന V ാം നമ്പർ ഫോറത്തിലുള്ള രജിസ്റ്റർ എന്നിവ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. തൊഴിലുടമ സൂക്ഷിക്കുന്ന രജിസ്റ്ററിന്റെ കൃത്യത ഓരോ അർദ്ധവർഷാവസാനവും സെക്രട്ടറി ഉറപ്പുവരുത്തുന്നുണ്ടോയെന്ന് അറിയിക്കേണ്ടതുമാണ്.

2) ചില ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

വെണ്ണിയോടുള്ള എസ്.എ.എൽ.പി സ്കൂൾ സമർപ്പിച്ച തൊഴിനികുതി റിട്ടേൺ പ്രകാരം സ്കൂളിലെ എൽ.പി.സ്കൂൾ അസിസ്റ്റൻറായ എൻ. ശരത്റാം എന്നവരുടെ നിയമനം അംഗീകാരം ആകാത്തതിനാൽ തൊഴിൽനികുതി അടവാക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. ഇദ്ദേഹത്തിന്റെ തസ്തിക അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് കുടിശ്ശിക തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

3) 2016-17 ലേക്ക് D&O ലൈസൻസ് എടുത്ത 218 സ്ഥാപനങ്ങളിൽ 1996 ലെ കേ.പ.രാജ് ആക്ട് സെക്ഷനുകൾ 205(ബി) മുതൽ 205 (എഫ്) പ്രകാരവും 1996 കേ.പ.രാ തൊഴിൽ നികുതി ചട്ടങ്ങൾ ചട്ടം 10, 13 എന്നിവ പ്രകാരം നോട്ടീസ് നല്കിയ സ്ഥാപനങ്ങളുടെ എണ്ണമെത്ര? ഇതേ ചട്ടപ്രകാരം റിട്ടേൺ സമർപ്പിച്ച സ്ഥാപനങ്ങളുടെ എണ്ണമെത്ര ? സമർപ്പിക്കാത്ത സ്ഥാപനങ്ങളുടെ എണ്ണമെത്ര ? ഇവർക്കെതിരെ സ്വീകരിച്ച നടപടികളുടെ വിശദാംശം എന്നിവ ഓഡിറ്റിന് നല്കുക.

4. 2016-17 വർഷം താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ എല്ലാ ശാഖകളിൽ നിന്നും സ്ഥാപന നികുതി ഈടാക്കിയിട്ടില്ല.വിശദാംശങ്ങൾ താഴെപ്പറയുന്നു.

| ക്രമനം | സ്ഥാപനത്തിന്റെ പേര് |
|---|---|

| | |
|---|---|
| 1 | കോട്ടത്തറ സർവ്വീസ് സഹകരണ ബാങ്ക് മൂന്ന് ശാഖകൾ(കോട്ടത്തറ,വെണ്ണിയോട്ചുണ്ടക്കര) |
| 2 | മടക്കിമല സർവ്വീസ് സഹകരണ ബാങ്ക് കോട്ടത്തറ ശാഖ |

കോട്ടത്തറ സർവ്വീസ് സഹകരണ ബാങ്കിന് 3 ശാഖകളാണ് (കോട്ടത്തറ, വെണ്ണിയോട് ചുണ്ടക്കര) ഈ ഗ്രാമപഞ്ചായത്തിലുള്ളത്. 2016-17 ലെ രണ്ടാം അർദ്ധവർഷം ഈ ബാങ്കിലെ സ്ഥിരം ജീവനക്കാരായ 7 പേരും കളക്ഷൻ ഏജൻറുമാരായ 3 പേരുടെയുമാണ് തൊഴിനികുതി അടച്ചിട്ടുള്ളത്. 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി )ചട്ടങ്ങൾ പ്രകാരം മൂന്ന് ശാഖകളിലെ ഓഫീസ് മേധാവികൾക്കും ജീവനക്കാരുടെ വിവരങ്ങൾ ആവശ്യപ്പെട്ടുകൊണ്ടു് ഫോറം നം.1 നല്കിയിട്ടുണ്ടോ, മുഴുവൻ ജീവനക്കാരിൽ നിന്നും തൊഴിനികുതി ഈടാക്കിയിട്ടുണ്ടോ എന്നീ കാര്യങ്ങൾ വ്യക്തമാക്കേണ്ടതാണ്.

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ - 03 /16-17/01 .07.2017ന് മറുപടി ലഭിച്ചില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

## 2-6 ഡി & ഒ ലൈസൻസ് നല്കുന്നതിലെ അപാകങ്ങൾ

2012 ലെ ലൈവ് സ്റ്റോക്ക് ഫാം ലൈസൻസ് ചട്ടങ്ങൾക്ക് വിരുദ്ധമായി ലൈസൻസ് നല്കിയതിന്റെ വിശദാംശങ്ങൾ താഴെപ്പറയുന്നു.

| ക്രമനം | അപേക്ഷകന്റെ പേര്, കെട്ടിട നമ്പർ,സർവ്വേനം,ഫാമിന്റെ വിശദാംശം | അപാകത |
|---|---|---|
| 1 | ആലക്കുനി രവീന്ദ്രൻ,249-എ,154/3-9 സെന്റ് സ്ഥലം-പൗൾട്രി ഫാം-1000 കോഴികൾ | ചട്ടം 4(2) പ്രകാരം 15 കോഴികൾക്ക് ഏറ്റവും കുറഞ്ഞത് 1 സെൻറ് സ്ഥലം ആവശ്യമാണ്.അതായത് ഈ സംഗതിയിൽ 67 സെന്റ് സ്ഥലം ആവശ്യമാണ്. എന്നാൽ ഈ ഫാമിന് 9 സെന്റ് സ്ഥലമേ ഉള്ളൂ. |

| | | |
|---|---|---|
| | | |
| 2 | ലീല കെ., കരിമ്പനാൽ വീട്,അരമ്പറ്റ കുന്ന്,241-എ,230/2-40 സെന്റ് സ്ഥലം-പൗൾട്രി ഫാം-1500 കോഴികൾ | ചട്ടം 4(2) പ്രകാരം 15 കോഴികൾക്ക് ഏറ്റവും കുറഞ്ഞത് 1 സെൻറ് സ്ഥലം ആവശ്യമാണ്. അതായത് ഈ സംഗതിയിൽ 1 ഏക്കർ സ്ഥലം ആവശ്യമാണ്. എന്നാൽ ഈ ഫാമിന് 40 സെന്റ് സ്ഥലമേ ഉള്ളൂ. |
| 3 | മുഹമ്മദ് വായോത്ത് ,കോട്ടത്തറ,94-എ,ബി,17/1-പൗൾട്രി ഫാം-2,000 കോഴികൾ | ഫാമിന്റെ സൈറ്റ് പ്ളാൻ,സ്കെച്ച്,ഭൂമിയുടെ വിവരം എന്നിവ ഫയലിൽ ലഭ്യമല്ല. |
| 4 | കെ.ടി ഫ്രാൻസിസ് കുവയ്ക്കൽ,അരംമ്പറ്റകുന്ന്,26-എ,32/2,10 സെന്റ് സ്ഥലം-പൗൾട്രി ഫാം-3,000 കോഴികൾ | ചട്ടം 4(2) പ്രകാരം 15 കോഴികൾക്ക് ഏറ്റവും കുറഞ്ഞത് 1 സെൻറ് സ്ഥലം ആവശ്യമാണ്.അതായത് ഈ സംഗതിയിൽ 2 ഏക്കർ സ്ഥലം ആവശ്യമാണ്.എന്നാൽ ഈ ഫാമിന് 10 സെന്റ് സ്ഥലമേ ഉള്ളൂ. |
| 5 | ഷിനോജ് കെ.ജി,കുവയ്ക്കൽ-12/110-എ-19/2-10 സെന്റ് സ്ഥലം-പന്നി ഫാം-50 പന്നികൾ | ഫാമിന്റെ ഭൂമിയുടെ വിവരം ഫയലിൽ ലഭ്യമല്ല. ചട്ടം 4(2) പ്രകാരം 2 പന്നികൾക്ക് ഏറ്റവും കുറഞ്ഞത് 1 സെൻറ് സ്ഥലം ആവശ്യമാണ്. അതായത് ഈ സംഗതിയിൽ 50 പന്നികൾക്ക് 25 സെന്റ് സ്ഥലം |

| | | |
|---|---|---|
| | | ആവശ്യമാണ്. എന്നാൽ ഈ ഫാമിന് 10 സെന്റ് സ്ഥലമേ ഉള്ളു. |

ചട്ടങ്ങൾക്ക് വിരുദ്ധമായി ,മേൽ പരാമർശിച്ച പ്രകാരം,ലൈസൻസ് നല്കിയതിന് വിശദീകരണംനല്കേണ്ടതാണ്. ഈ ചട്ടങ്ങളിലെ സെക്ഷൻ 10(2) ഉപചട്ടം (1) പ്രകാരം വെറ്ററിനറി സർജൻ ഒരോ ആറു മാസം കൂടുമ്പോഴും ഫാം പരിശോധിച്ച് റിപ്പോർട്ട് പഞ്ചായത്തിന് നല്കേണ്ടതാണ്.ആയത് ഓഡിറ്റിന് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നമ്പർ - 03/16-17/01.07.2017ന് മറുപടിയായി രേഖകൾ ഹാജരാക്കുന്നതായി സെക്രട്ടറി അറിയിച്ചുവെങ്കിലും സമയപരിമിതി മൂലം രേഖകൾ പരിശോധിക്കാൻ സാധിച്ചിട്ടില്ല. ആയത് ഹാജരാക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 പ്രൊഫഷണൽ കോഴ്സിന് പഠിക്കുന്ന പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ്പ് ടോപ്പ്-പൂർണ്ണമായ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയില്ല.

| പ്രോജക്ട് നം. | 65/16-17-പ്രൊഫഷണൽ കോഴ്സിന് പഠിക്കുന്ന പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ്പ് ടോപ്പ് |
|---|---|
| 1. നിർവ്വഹണ ഉദ്യോഗസ്ഥ | ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ |
| 2. അടങ്കൽ | 2,00000/-(ടി.എസ്.പി) |
| 3. ബിൽനം | 1)സി.ബി 04/16-17 1,88,800/- രൂപ തിയ്യതി-31.01.17 |

1. ഈ പദ്ധതിയിൽ ആനുകൂല്യം നല്കിയ 8 ഗുണഭോക്താക്കളുടെ അപേക്ഷകൾ, ഈ പഞ്ചായത്തിലെ താമസക്കാരാണ് എന്നിവ തെളിയിക്കുന്ന രേഖ(ആധാർകാർഡ്, ഇലക്ഷൻ ഐ.ഡി, റേഷൻ കാർഡ് തുടങ്ങിയവ), ലാപ് ടോപ്പുകൾ വിദ്യാർത്ഥികൾ കൈപ്പറ്റിയതിന്റെ രേഖ, ലാപ് ടോപ്പുകൾ കൈപ്പറ്റിയ വിദ്യാർത്ഥികൾക്ക് ഇതേ ആനുകൂല്യം പട്ടിക വർഗ്ഗ വികസന വകുപ്പിൽ നിന്ന് ലഭിച്ചിട്ടില്ല എന്നതിന്റെ സാക്ഷ്യപത്രം എന്നിവ ഓഡിറ്റിന് ഹാജരാക്കിയില്ല.ആയത് ഹാജരാക്കേണ്ടതാണ്.
2. ഓഡിറ്റിന് ഹാജരാക്കിയ ലാപ് ടോപ്പുകൾ നല്കിയ 7 വിദ്യാർത്ഥികളുമായുള്ള കരാറിൽ യാതൊന്നും എഴുതിയിട്ടില്ല. നിർവ്വഹണ ഉദ്യോഗസ്ഥൻ ഒപ്പുവെച്ചിട്ടുമില്ല.വിപിൻ ചന്ദ്രൻ പൂളക്കുഴി എന്ന വിദ്യാർത്ഥിയുമായി കരാർ ഒപ്പുവെച്ചിട്ടില്ല. ലാപ് ടോപ്പുകളുടെ സംരക്ഷണത്തിന് യാതൊരു നടപടിയുമെടുത്തിട്ടില്ല.
3. 24/11/2016 ലെ A3-6541/Tender/16 ടെണ്ടർ നോട്ടീസ് വ്യവസ്ഥകൾ പ്രകാരം സാധനം സപ്ളൈ ചെയ്യുന്ന സ്ഥാപനം 10,000/- രൂപ സെക്യൂരിറ്റി ഡിപ്പോസിറ്റ് അടയ്ക്കേണ്ടതാണ്. കൂടാതെ ടെണ്ടർ അംഗീകരിച്ച് 7 ദിവസത്തിനുള്ളിൽ സ്ഥാപനവുമായി 200/- രൂപ മുദ്രപത്രത്തിൽ കരാറിൽ ഏർപ്പെടേണ്ടതാണ്. സാധനം സപ്ളൈ ചെയ്ത സ്ഥാപനത്തിന് വാറ്റ് രജിസ്ട്രേഷൻ ഉണ്ടായിരിക്കേണ്ടതാണ്. മേൽ പരാമർശിച്ച ടെണ്ടർ വ്യവസ്ഥകൾ പാലിച്ചതിന്റെ രേഖ ഓഡിറ്റിന് പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ആയത് ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.
    1. സെക്രട്ടറി നിർവ്വഹണഉദ്യോഗസ്ഥന് നല്കിയ ലിസ്റ്റിൽ നിന്ന് മുൻഗണനാ ക്രമത്തിലല്ലാതെ 8 വിദ്യാർത്ഥികൾക്ക് ലാപ്പ് ടോപ്പ് നല്കിയതിന് വിശദീകരണം നല്കിയില്ല. ആയത് നല്കേണ്ടതാണ്.

    ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നമ്പർ - 13 /16-17/07.07.2017 ന് മറുപടി ലഭ്യമാക്കിയില്ല.ആയതിനാൽ ഈ പദ്ധതിയിൽ ചെലവഴിച്ച 1,88,800/-രൂപ ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു.

## 3-2 പട്ടിക വർഗ്ഗ യുവതി യുവാക്കൾക്ക് പിക്കപ്പ് വാൻ- അനർഹർക്ക് ആനുകൂല്യം നല്കി.

| | |
|---|---|
| പ്രോജക്ട് നം. | 193/16-17 -പട്ടിക വർഗ്ഗ യുവതി യുവാക്കൾക്ക് പിക്കപ്പ് വാൻ |
| നിർവ്വഹണ ഉദ്യോഗസ്ഥ | ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ |

| | |
|---|---|
| അടങ്കൽ | 12,00000/-(ടി.എസ്.പി)<br>24,00000/-(മറ്റുള്ളവ) |
| ബിൽനം | 1)സി.ബി 10/16-17 6,00000/- രൂപ തിയ്യതി-21.03.2017<br>2)സി.ബി 11/16-17 2,00000/- രൂപ തിയ്യതി-25.03.2017<br>3)സി.ബി 12/16-17 1,33,000/- രൂപ തിയ്യതി-29.03.2017<br>4)സി.ബി 14/16-17 2,00000/- രൂപ തിയ്യതി-31.03.2017<br>ആകെ-11,33,300/- |

1) ഈ പദ്ധതിയിൽ ആനുകൂല്യം നല്കിയ 6 ഗുണഭോക്താക്കളുടെ അപേക്ഷ ഓഡിറ്റിന് പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ആയത് ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. ആനുകൂല്യം നല്കിയ 6 പേരുമായുള്ള കരാറിൽ യാതൊന്നും എഴുതിയിട്ടില്ല. നിർവ്വഹണ ഉദ്യോഗസ്ഥൻ ഒപ്പുവെച്ചിട്ടുമില്ല. ആനുകൂല്യം നല്കിയ 6 പേരും വാഹനം വാങ്ങിയതിന്റെ സെയിൽസ് ഇൻവോയ്സ് ഓഡിറ്റിന് ഹാജരാക്കിയില്ല. വാഹനം വാങ്ങുന്നതിന് ആനുകൂല്യം ലഭിച്ച പ്രേംകുമാർ എം.വി,മേലെചുണ്ടംകോട്, ഭാസ്കരൻ, അത്തിക്കനി, ജ്യോതിഷ് സി.ആർ, ചുള്ളികല എന്നിവരുടെ ഡ്രൈവിംഗ് ലൈസൻസ്, ബാഡ്ജ്, ,വാഹനത്തിന്റെ ആർ.സി ബുക്ക് എന്നിവ ഓഡിറ്റിന് ഹാജരാക്കിയില്ല.

2) ഭരണ സമിതിയുടെ 03.03.2017 ലെ 1(1)/17 തീരുമാന പ്രകാരം 11 ഗുണഭോക്താക്കളുടെ ലിസ്റ്റാണ്( പഞ്ചായത്ത് തല ലിസ്റ്റല്ല വാർഡ് തിരിച്ചുള്ള ലിസ്റ്റ്) നിർവ്വഹണഉദ്യോഗസ്ഥന് നല്കിയിട്ടുള്ളതെങ്കിലും 6 ഗുണഭോക്താക്കൾക്കാണ് ആനുകൂല്യം നല്കിയിട്ടുള്ളത്. ജി.ഒ(എം.എസ്) 04/2016/തസ്വഭവ തിയ്യതി 11.01.2016 (2016-17 ലെ പദ്ധതി മാർഗ്ഗരേഖയും സബ്സിഡി മാർഗ്ഗരേഖയും) അനുബന്ധം 15 ഖണ്ഡിക 7.18പ്രകാരം ഭരണസമിതി അംഗീകരിച്ച ലിസ്റ്റ് ഗ്രാമപഞ്ചായത്തിന്റെ നോട്ടീസ് ബോർഡിലും വെബ്സെറ്റിലും പ്രസിദ്ധീകരിക്കേണ്ടതുമാണ്. വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കാത്ത ലിസ്റ്റിന് സാധുത ഉണ്ടായിരിക്കുന്നതുമല്ല. എന്നാൽ ഈ ലിസ്റ്റ് കോട്ടത്തറ ഗ്രാമപഞ്ചായത്തിന്റെ www.lsgkerala.in/kottatharapanchayat എന്ന വെബ്സെറ്റിൽ പ്രസിദ്ധീകരിച്ചിട്ടില്ല. ഈ പദ്ധതിയുടെ ഗുണഭോക്തൃ ലിസ്റ്റ് വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടില്ലാത്തതിനാൽ ഈ ലിസ്റ്റിന് സാധുതയില്ല. ആയതിനാൽ സാധുതയില്ലാത്ത ലിസ്റ്റിൽപ്പെട്ടവർക്ക് നല്കിയ ആനുകൂല്യം ഓഡിറ്റ് അംഗീകരിക്കുന്നില്ല.

3) ജി.ഒ(എം.എസ്) 04/2016/തസ്വഭവ തിയ്യതി 11.01.2016 (2016-17 ലെ പദ്ധതി മാർഗ്ഗരേഖയും സബ്സിഡി മാർഗ്ഗരേഖയും) അനുബന്ധം 15 ഖണ്ഡിക 3.7 ക്രമനം .6

പ്രകാരം ഗുണഭോക്താക്കൾ 20 വയസ്സിനും 40 വയസ്സിനും ഇടയ്ക്ക് പ്രായപരിധിയിലുള്ള തൊഴിൽ രഹിതരായിരിക്കണം.വരുമാനം 50,000/- രൂപയിൽ താഴെയുമായിരിക്കണം. എന്നാൽ ഈ പദ്ധതിയിൽ ആനുകൂല്യം നല്കിയ അണ്ണൻ.എം.സി , മരവയൽ എന്നവരുടെ പ്രായം ആധാർകാർഡ്,ഡ്രൈവിംഗ് ലൈസൻസ് എന്നിവ പ്രകാരം ഭരണസമിതി ലിസ്റ്റ് അംഗീകരിക്കുന്ന 03/03/2017 ന് 42 വയസ്സാണ് (05/02/1975). ആനുകൂല്യം നല്കിയ രാജേഷ് പി.കെ , പുത്തൻമുറ്റം എന്നവരുടെ വരുമാനം 30/01/2017 ലെ കോട്ടത്തറ വില്ലേജ് ഓഫീസറുടെ 22837199 നമ്പർ വരുമാന സർട്ടിഫിക്കറ്റ് പ്രകാരം 95,000/- രൂപയാണ്. ആയതിനാൽ സർക്കാർ ഉത്തരവിന് വിരുദ്ധമായാണ് ഇവർക്ക് ആനുകൂല്യം നല്കിയിട്ടുള്ളത്. ആയത് ഓഡിറ്റ് അംഗീകരിക്കുന്നില്ല.

മേൽ വിഷയങ്ങൾ സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നമ്പർ - 13 /16-17/07.07.2017 ന് മറുപടി ലഭ്യമാക്കിയില്ല. ജി.ഒ(എം.എസ്) 04/2016/തസ്വഭവ തിയ്യതി 11.01.2016 (2016-17 ലെ പദ്ധതി മാർഗ്ഗരേഖയും സബ്സിഡി മാർഗ്ഗരേഖയും) ന് വിരുദ്ധമായി സാധുതയില്ലാത്ത ലിസ്റ്റിൽപ്പെട്ടവർക്കും വയസ്സ്, വരുമാനം എന്നിവയുടെ പരിധിക്ക് പുറത്തുള്ളവർക്കും ആനുകൂല്യം നല്കിയത് ഓഡിറ്റ് അംഗീകരിക്കുന്നില്ല. ആയതിനാൽ ഈ പദ്ധതിയിൽ ചെലവഴിച്ച 11,33,300/-രൂപ ഓഡിറ്റ് നിരാകരിക്കുന്നു.

## 3-3 എസ്.ടി വനിതകൾക്ക് ഭവന നിർമ്മാണം പൂർണ്ണമായ രേഖകൾ ഹാജരാക്കിയില്ല

| | |
|---|---|
| പ്രോജക്റ്റ് നം. | 129/16-17 -എസ്.ടി വനിതകൾക്ക് ഭവന നിർമ്മാണം |
| നിർവ്വഹണ ഉദ്യോഗസ്ഥ | ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ |
| അടങ്കൽ | 2,70,000/-(ടി.എസ്.പി) |
| ബിൽനം | 1)സി.ബി 01/16-17 1,05,000/- രൂപ തിയ്യതി-18.11.16<br>2)സി.ബി 07/16-17 1,00000/- രൂപ തിയ്യതി- |

| | |
|---|---|
| | 18.02.2017<br>ആകെ-2,05,000/- |

1. ഈ പദ്ധതിയിൽ തിരഞ്ഞെടുത്ത ഗുണഭോക്താക്കളുടെ ലിസ്റ്റ്,അപേക്ഷകൾ,വ്യക്തിഗത ഭവന രജിസ്റ്റർ,സ്റ്റേജ് സർട്ടിഫിക്കറ്റ്, ഓരോ തുക നല്കുമ്പോഴുമുള്ള വിടിന്റെ അവസ്ഥ, പണം നല്കിയതിന്റെ വിവരം,ഗുണഭോക്താക്കളുടെ പാസ്സ് ബുക്കിന്റെ പകർപ്പ്, ഗുണഭോക്താക്കളുമായുള്ള കരാർ, മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് എന്നിവ ഓഡിറ്റിന് ഹാജരാക്കിയില്ല. മേൽ വിഷയങ്ങൾ സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നമ്പർ - 13 /16-17/07.07.2017 ന് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ഈ പദ്ധതിയിൽ ചെലവഴിച്ച 2,05,000/-രൂപ ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു.

## 3-4 എസ്.ടി വനിതകൾക്ക് ഭവന നിർമ്മാണം പൂർണ്ണമായ രേഖകൾ ഹാജരാക്കിയില്ല

| | |
|---|---|
| പ്രോജക്റ്റ് നം. | 128/16-17 -എസ്.ടി വനിതകൾക്ക് ഭവന നിർമ്മാണം. |
| നിർവ്വഹണ ഉദ്യോഗസ്ഥ | ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ |
| അടങ്കൽ | 11,00000/-(ടി.എസ്.പി) |
| ബിൽനം | 1)സി.ബി 02/16-17 90,000/- രൂപ തിയ്യതി-18.11.2016<br>2)സി.ബി 05/16-17 60,000/- രൂപ തിയ്യതി-18.02.2017 |

| | |
|---|---|
| | 3)സി.ബി 09/16-17 1,05,000/- രൂപ തിയ്യതി-06.03.2017<br>4)സി.ബി 15/16-17 45,000/- രൂപ തിയ്യതി-31.03.2017<br>5) സി.ബി 16/16-17 1,40,000/- രൂപ തിയ്യതി-31.03.2017<br>ആകെ-4,40,000/- |

ഈ പദ്ധതിൽ തിരഞ്ഞെടുത്ത ഗുണഭോക്താക്കളുടെ ലിസ്റ്റ്, അപേക്ഷകൾ, വ്യക്തിഗത ഭവന രജിസ്റ്റർ, സ്റ്റേജ് സർട്ടിഫിക്കറ്റ്, ഓരോ തുക നല്കുമ്പോഴുമുള്ള വിടിന്റെ നിർമ്മാണ ഘട്ടം പണം നല്കിയതിന്റെ വിവരം, ഗുണഭോക്താക്കളുടെ പാസ്സ് ബുക്കിന്റെ പകർപ്പ്, ഗുണഭോക്താക്കളുമായുള്ള കരാർ, മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് എന്നിവ ഓഡിറ്റിന് ഹാജരാക്കിയില്ല. മേൽ വിഷയങ്ങൾ സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നമ്പർ - 13 /16-17/07.07.2017 ന് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ഈ പദ്ധതിയിൽ ചെലവഴിച്ച 4,40,000/-രൂപ ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു.

## 3-5 പട്ടിക വർഗ്ഗ ഭവന പുനരുദ്ധാരണം-പൂർണ്ണമായ രേഖകൾ ഹാജരാക്കിയില്ല.

| | |
|---|---|
| പ്രോജക്റ്റ് നം. | 1121/16-17 -പട്ടിക വർഗ്ഗ ഭവന പുനരുദ്ധാരണം. |
| നിർവ്വഹണ ഉദ്യോഗസ്ഥ | ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ |
| അടങ്കൽ | 5,76,000/-(സംസ്ഥാനവിഷ്കൃത ഫണ്ട്) |
| ബിൽനം | സെക്രട്ടറിയുടെ 10607196002അക്കൗണ്ടിൽ നിന്നുള്ള ചെക്കുകൾ |

| | |
|---|---|
| | 1)ചെക്ക് നം. 925507-തുക 32,000/- തിയ്യതി -10.03.17<br>2) ചെക്ക് നം. 925508 – രൂപ 1,60,000/- തിയ്യതി -10.03.17<br>4) ചെക്ക് നം. 925510 - തുക32,000/- തിയ്യതി -29.03.17<br>1. 1. 3. വൗച്ചർ നം. 925509 – തുക 64,000/- തിയ്യതി -18.03.17.<br>ആകെ-2,88,000/- |

1. ഈ പദ്ധതിൽ തിരഞ്ഞെടുത്ത ഗുണഭോക്താക്കളുടെ ലിസ്റ്റ്,അപേക്ഷകൾ, ആർക്കൊക്കെ പണം നല്കിയെന്നതിന്റെ വിവരം, ഗുണഭോക്താക്കളുടെ പാസ്സ് ബുക്കിന്റെ പകർപ്പ്, ഗുണഭോക്താക്കളുമായുള്ള കരാർ,കെട്ടിട ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് എന്നിവ ഓഡിറ്റിന് ഹാജരാക്കിയില്ല.ആയത് ഹാജരാക്കേണ്ടതാണ്.

   1. 2)വയനാട് ജില്ലാ കളക്ടറുടെ 15..07.2016 ലെ ബി.3568/16 ഐ.ടി.ഡി.പി ഉത്തരവ് അനുസരിച്ചുള്ള മാതൃകാ എസ്റ്റിമേറ്റ്, ഓരോ വീടിന്റെയും വാല്വേഷൻ, വീടിന്റെ കാലപ്പഴക്കം സംബന്ധിച്ച രേഖ എന്നിവ ഓഡിറ്റിന് ഹാജരാക്കിയില്ല.ആയത് ഹാജരാക്കേണ്ടതാണ്.

   മേൽ വിഷയങ്ങൾ സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നമ്പർ - 13 /16-17 /07.07.2017 ന് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ഈ പദ്ധതിയിൽ ചെലവഴിച്ച 2,88,000/- രൂപ ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു.

## 3-6 60 വയസ്സ് കഴിഞ്ഞവർക്ക് തടി കട്ടിൽനല്കൽ (പട്ടിക വർഗ്ഗം)-അപാകങ്ങൾ.

| | |
|---|---|
| പ്രോജക്ട് നം. | 192/16-17 -60 വയസ്സ് കഴിഞ്ഞവർക്ക് തടി കട്ടിൽ(പട്ടിക വർഗ്ഗം) |
| നിർവ്വഹണ ഉദ്യോഗസ്ഥ | ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ |

| | |
|---|---|
| | |
| അടങ്കൽ | 4,98,000/-(ടി.എസ്.പി ) |
| ബിൽനം | 1) സി.ബി 13/16-17 4,98,000/- രൂപ തിയ്യതി-29.03.2017 |

1. ഈ പദ്ധതിൽ തിരഞ്ഞെടുത്ത ഗുണഭോക്താക്കളുടെ ലിസ്റ്റ്,അപേക്ഷകൾ, അവരുടെ പ്രായം തെളിയിക്കുന്നതിനുള്ള രേഖ(ആധാർ കാർഡ്,ഇലക്ഷൻ ഐ.ഡി), ആർക്കൊക്കെ കട്ടിൽ നല്കിയെന്നതിന്റെ വിവരം, കട്ടിൽ കൈപ്പറ്റിയതിന്റെ വിവരം, മുൻവർഷങ്ങളിലിൽ കട്ടിൽ നല്കിയതിന്റെ വിവരം,കട്ടിൽ വാങ്ങുന്നതിനുള്ള ടെണ്ടർ നോട്ടീസ്,പത്രത്തിൽ പരസ്യം നല്കിയതിന്റെ രേഖ,കട്ടിൽ വിതരണം ചെയ്യാൻ ഭരണസമിതി അംഗീകാരം നല്കിയ കലവറ,ഉഡലായ് എന്ന സ്ഥാപനത്തിന് ഫർണ്ണിച്ചർ വിതരണം ചെയ്യുന്നതിനുള്ള സർക്കാർ അംഗീകാരം എന്നിവ ഓഡിറ്റിന് ഹാജരാക്കിയില്ല. ആയത് ഹാജരാക്കേണ്ടതാണ്. മേൽ പരാമർശിച്ച സ്ഥാപനവുമായുള്ള കരാറിൽ ഒന്നും എഴുതിയിട്ടില്ല.കൂടാതെ നിർവ്വഹണഉദ്യോഗസ്ഥൻ ഒപ്പുവെച്ചിട്ടുമില്ല. ഇതു കൂടാതെ ഈ പദ്ധതിയുടെ ഗുണഭോക്തൃ ലിസ്റ്റ് വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടില്ലാത്തതിനാൽ ഈ ലിസ്റ്റിന് സാധുതയില്ല. ആയതിനാൽ ഈ പദ്ധതികളിൽ വിവിധ വ്യക്തികൾക്ക് നല്കിയ ആനുകൂല്യം ഓഡിറ്റ് അംഗീകരിക്കുന്നില്ല.
2. ഓഡിറ്റിന് ഹാജരാക്കിയ ഏതാനും പേരുടെ ആധാർ കാർഡ്,ഇലക്ഷൻ ഐ.ഡി എന്നിവ പരിശോധിച്ചതിൽ പ്രായം 60 വയസ്സിന് താഴെയാണ്. വിശദാംശങ്ങൾ താഴെപ്പറയുന്നു.

   1) അമ്മിണി w/o ചന്തു,വീട്ടിയേരി കളത്തിൽ-ജനനതിയ്യതി-ആധാർകാർഡ്-1960.ഇലക്ഷൻ ഐ.ഡി-01.01.1999 ൽ 39 വയസ്സ്.

   2)പാറ്റ ,നാട്ടുകാണിക്കുന്ന്-ഇലക്ഷൻ ഐ.ഡി- 01.01.1999 ൽ 35 വയസ്സ്.
3. അമ്മിണി, കരികൊല്ലി- ആധാർകാർഡ് ജനന വർഷം- 1960

4. വെള്ളി കെ,കല്ലറ കോളനി- ആധാർകാർഡ് ജനന വർഷം- 1960.

മേൽ വിഷയങ്ങൾ സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നമ്പർ - 13 /16-17/07.07.2017 ന് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ഈ പദ്ധതിയിൽ ചെലവഴിച്ച 4,98,000/- രൂപ ഓഡിറ്റ് നിരാകരിക്കുന്നു.

## 3-7 എസ്.ടി വിദ്യാർത്ഥികൾക്ക് യൂണിഫോം ,ബാഗ്,കുട,ചെരിപ്പ്- പൂർണ്ണമായി വിതരണം ചെയ്തിട്ടില്ല

| | |
|---|---|
| പ്രോജക്ട് നം. | 94/16-17 -എസ്.ടി വിദ്യാർത്ഥികൾക്ക് യൂണിഫോം ,ബാഗ്,കുട,ചെരിപ്പ്, വിതരണം |
| നിർവ്വഹണ ഉദ്യോഗസ്ഥ | ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ |
| അടങ്കൽ | 5,99,538/- രൂപ(ടി.എസ്.പി ) |
| ബിൽനം | 1) സി.ബി 03/16-17 3,60,490/- രൂപ തിയ്യതി-18.11.2016<br>2) സി.ബി 06/16-17 90,558/- രൂപ തിയ്യതി-18.02.2017.<br>3)സി.ബി 08/16-17 1,48,490/- രൂപ തിയ്യതി-27.02.2017.<br>ആകെ-5,99,538/- രൂപ |

പദ്ധതി നടത്തിപ്പിലെ അപാകതകൾ താഴെപ്പറയുന്നു.

ഈ പദ്ധതിയിൽ യൂണിഫോം, ബാഗ്, കുട, ചെരിപ്പ് എന്നിവ വിതരണം ചെയ്യുന്നതിനുള്ള ഹെഡ്മാസ്റ്റർമാർ നല്കേണ്ട കുട്ടികളുടെ പേരു വിവരം ഓഡിറ്റിന് ഹാജരാക്കിയില്ല. ആയത് ഹാജരാക്കേണ്ടതാണ്. ഈ പദ്ധതിയിൽ എസ്.ടി വിദ്യാർത്ഥികൾക്ക് യൂണിഫോം നല്കുന്നതിന് നല്കിയ ടെണ്ടർ നോട്ടീസ്,പത്രപരസ്യം എന്നിവ ഓഡിറ്റിന് ഹാജരാക്കിയില്ല.

1. ഈ പദ്ധതിയിൽ എസ്.ടി വിദ്യാർത്ഥികൾക്ക് വിവിധ സാധനങ്ങൾ വിതരണം ചെയ്യുന്നതിന് ഭരണ സമിതി അംഗീകരിച്ച സ്ഥാപനവും നിരക്കും താഴെപ്പറയുന്നു ( 17.12.2016 ലെ 05/2016(2) നമ്പർ തീരുമാനം)

    1. 1)കുട- യുണൈറ്റഡ് ബുക്ക് പാലസ് ,സൂപ്പർ ബസാർ കണ്ണൂർ (പോപ്പി ബ്രാൻഡ്-585 m.m-234/- രൂപ )

    2) ചെരിപ്പ് -മുഹമ്മദ് ജാസിർ, അനു എന്റർപ്രൈസസ്,ചിലഞ്ഞിച്ചാൽ- ആൺകുട്ടികൾ-മോഡൽ ആർട്-നം.7039-190/-രൂപ, പെൺകുട്ടികൾ-മോഡൽ

ആർട്-നം.8410- 185/-രൂപ. എന്നാൽ മേൽ സ്ഥാപനങ്ങൾ സമർപ്പിച്ച 09.12.2016 ലെ ടെണ്ടർ പരിശോധിച്ചതിൽ മേൽപ്പറഞ്ഞ മോഡലിലുള്ള സാധനങ്ങൾക്ക് നിരക്ക് ക്വോട്ട് ചെയ്തിട്ടില്ല.

1. 3) യുണൈറ്റഡ് ബുക്ക് പാലസ് ,സൂപ്പർ ബസാർ കണ്ണൂർ എന്ന സ്ഥാപനത്തിന് 387 കുടകൾ വിതരണം ചെയ്തതിന് (ഇൻവോയ്സ് നം.409 തിയ്യതി 28.01.17) 90,562/- രൂപ നല്കിയിട്ടുണ്ട്.എന്നാൽ 37 കുട്ടികൾക്ക് കുട നല്കിയതിന്റെ (ജി.എൽ.പി സ്കൂൾ മെച്ചന) രേഖ മാത്രമേ ഓഡിറ്റിന് ഹാജരാക്കിയിട്ടുള്ളു. ബാക്കിയുള്ളവയുടെ വിതരണ വിവരം അറിയിക്കേണ്ടതാണ്.

   1. 4)കേരള സംസ്ഥാന ഹാൻറ് ലൂം വീവേഴ്സ് കോപ്പറേറ്റീവ് സൊസൈറ്റിയിൽ നിന്നും ഇൻവോയ്സ് നം.9351 (തിയ്യതി ഇല്ല) പ്രകാരം എൽ.പി സ്കൂളുകളിലെ ആൺകുട്ടികൾക്ക് 178ജോടി പാന്റ്സ്/ഷർട്ട്,186 ജോടി ചുരിദാർ,യു.പി സ്കൂളുകളിലെ ആൺകുട്ടികൾക്ക് 303 ജോടി പാന്റ്സ്/ഷർട്ട് ,പെൺകുട്ടികൾക്ക് 262 ജോടി ചുരിദാർ എന്നിവ വാങ്ങിയവകയിൽ 3,60,490/- രൂപ നല്കിയെങ്കിലും ഇവ ആർക്കും വിതരണം ചെയ്തതായി കാണുന്നില്ല. ടി.ഇ.ഒയുടെ 12/02/16 ലെ ടി.ഇ.ഒ /പിഎൻജിഡി നമ്പർ ഓർഡർ പ്രകാരമാണ് കേരള സംസ്ഥാന ഹാൻറ് ലൂം വീവേഴ്സ് കോപ്പറേറ്റീവ് സൊസൈറ്റി യൂണിഫോം നല്കിയതായി കാണുന്നത്.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (13) മറുപടി ലഭ്യമാക്കിയിട്ടില്ല . ക്രമനം -3 പരാമർശിച്ച 387 കുടകളിൽ വിതരണം ചെയ്യാത്ത 350 കുടകളുടെ വിലയായ(350x234=81900/- രൂപ) 81,900/- രൂപയും ക്രമനം - 4 ൽ പരാമർശിച്ച യൂണിഫോം ആർക്കും വിതരണം ചെയ്യാത്തതിനാൽ ഈയിനത്തിൽ ചെലവഴിച്ച 3,60,490/- രൂപയും ഓഡിറ്റ് നിരാകരിക്കുന്നു. ഈ പദ്ധതി നടത്തിപ്പ് സംബന്ധിച്ച് പൂർണ്ണമായ രേഖകൾ ഓഡിറ്റിന് ഹാജരാക്കത്തതിനാൽ പദ്ധതിയിൽ ചെലവഴിച്ച 1,57,148/- രൂപയുടെ ചെലവ് ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുകയും ചെയ്യുന്നു.

## 3-8 പോത്തുകുട്ടി വിതരണം (എസ്.ടി വിഭാഗം)-പൂർണ്ണമായ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയില്ല.

| പ്രോജക്ട് നം. | 43/16-17- പോത്തുകുട്ടി വിതരണം (എസ്.ടി വിഭാഗം) |
|---|---|
| 1. നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| 2. അടങ്കൽ | 4,87,500/-(ടി.എസ്.പി) |

| | |
|---|---|
| | മറ്റുള്ളവ-1,62,500/-<br>ആകെ-6,50,000/- |
| 3. ബിൽനം | 1)പി3/16-17-1,12,500/- രൂപ തിയ്യതി-16.03.17<br>2)പി12/16-17-52,500/-രൂപ തിയ്യതി-31.03.17<br>3) പി17/16-17-7,500/- രൂപ തിയ്യതി-31.03.17<br>ആകെ-1,72,500/- |

1. ഈ പദ്ധതിയിൽ ആനുകൂല്യം നല്കിയ 23 ഗുണഭോക്താക്കളിൽ ഏതാനും പേരുടെ അപേക്ഷകൾ മാത്രമാണ് ഓഡിറ്റിന് ഹാജരാക്കിയിട്ടുള്ളു. മുഴുവൻ അപേക്ഷകളും പരിശോധനയ്ക്ക് നല്കേണ്ടതാണ്. ഈ പദ്ധതിയിൽ ആനുകൂല്യം ലഭിച്ച ലീല എ.കെ -ചുള്ളിമൂല, ബാലകൃഷ്ണൻ -കല്ലാട്ടി എന്നിവർ 2500/- രൂപ വീതം ഗുണഭോക്തൃവിഹിതം അടച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല. ഗുണഭോക്താക്കളുമായുണ്ടാക്കിയ 'കരാറുകളിൽ' പലതിലും നിർവ്വഹണഉദ്യോഗസ്ഥനോ അപേക്ഷകനോ ഒപ്പുവെച്ചിട്ടില്ല. പല 'കരാറുകളിലും' യാതൊന്നും എഴുതിയിട്ടില്ല ഉദാ.ഭാസ്കരൻ കേളു,മരവയൽ,രാജൻ കല്പട്ടിപൊയിൽ എന്നീ ഗുണഭോക്താക്കളുമായുള്ള കരാറുകൾ. ആരുടെയും പോത്തുകുട്ടികളെ ഇൻഷ്വർ ചെയ്തതിന്റെ പോളിസി ഡോക്യുമെന്റ്,ഫോട്ടോ എന്നിവ നിർവ്വഹണഉദ്യോഗസ്ഥൻ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ബാലകൃഷ്ണൻ,മരവയൽ, ഭാസ്കരൻ കേളു മരവയൽ എന്നിവരുടെ പോത്തുകുട്ടികളെ 10.07.2017 ന് സ്ഥലപരിശോധന നടത്തി. ഇതിൽ ഭാസ്കരൻ കേളു മരവയൽ എന്ന വ്യക്തി പോത്തുകുട്ടിയെ ഇൻഷ്വർ ചെയ്ത ഡോക്യുമെന്റ് പരിശോധനയ്ക്ക് ഹാജരാക്കിയില്ല. 13 പോത്തുകുട്ടികളെ നല്കിയ റിയാസ് ചാലിൽ എന്നവരുടെ അക്കൗണ്ടിലേക്ക് പണം നല്കിയതു സംബന്ധിച്ച വിശദാംശങ്ങളും (ചെക്ക് നം, തിയ്യതി, പാസ്സ് ബുക്കിന്റെ പകർപ്പ് എന്നിവ) ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.
2. ജി.ഒ(എം.എസ്) 04/2016/തസ്വഭവ തിയ്യതി 11.01.2016 (2016-17 ലെ പദ്ധതി മാർഗ്ഗരേഖയും സബ്സിഡി മാർഗ്ഗരേഖയും) അനുബന്ധം 15 ഖണ്ഡിക 7.18പ്രകാരം വ്യാപകമായ പ്രചാരണം നടത്തി അപേക്ഷ ക്ഷണിച്ച് വർക്കിംഗ് ഗ്രൂപ്പ് അർഹത മാനദണ്ഡങ്ങൾക്കനുസരിച്ച് ഗുണഭോക്താക്കളുടെ കരട് മുൻഗണനാലിസ്റ്റ് തയ്യാറാക്കേണ്ടതും ആയത് നിർവ്വഹണഉദ്യോഗസ്ഥൻ സ്ഥല പരിശോധന നടത്തി സാക്ഷ്യപ്പെടുത്തി കരട് ലിസ്റ്റ് വാർഡ് വികസന സമിതി വഴി അയൽസഭയ്ക്കു നല്കി , അയൽസഭ ശുപാർശ സഹിതം കരട് മുൻഗണനാലിസ്റ്റ് ഗ്രാമസഭയുടെ പരിഗണനയ്ക്ക് നല്കി ഗ്രാമസഭ ചർച്ച ചെയ്ത് അന്തിമ ലിസ്റ്റ് അംഗീകരിക്കേണ്ടതും

ആയത് ക്രമം തെറ്റാതെ ഭരണസമിതി അംഗീകരിക്കേണ്ടതാണ്.ഈ ലിസ്റ്റിൽ വരുത്തുന്ന ഏതൊരു മാറ്റവും ഗ്രാമസഭയുടെ അംഗീകാരത്തോടെയുമായിരിക്കണം. എന്നാൽ മൃഗസംരക്ഷണവും ക്ഷീരവികസനവും വർക്കിംഗ് ഗ്രൂപ്പ് മിനിട്സ് പരിശോധിച്ചതിൽ വെറ്ററിനറി സർജൻ നടപ്പിലാക്കിയ ഒരു പദ്ധതിയുടെയും ഗുണഭോക്താക്കളുടെ ലിസ്റ്റ് ചർച്ചചെയ്തതിന്റെയോ കരട് മുൻഗണനാലിസ്റ്റ് അംഗീകരിച്ചതിന്റെയോ യാതൊരു വിവരവും മിനിട്സ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.

3. ഈ പദ്ധതിയിൽ നല്കിയ പോത്തുകുട്ടികളുടെയെല്ലാം പ്രായം 1 1 /2 വയസ്സും മാർക്കറ്റ് വില 10,000/- രൂപയുമാണ്. ജി.ഒ(എം.എസ്) 04/2016/തസ്വഭവ തിയ്യതി 11.01.2016 (2016-17 ലെ പദ്ധതി മാർഗ്ഗരേഖയും സബ്സിഡി മാർഗ്ഗരേഖയും) അനുബന്ധം 15 ഖണ്ഡിക 3.2 (4) പ്രകാരം പോത്തുകുട്ടിയുടെ കുറഞ്ഞ പ്രായം 18 മാസമാണ്. ഈ പ്രായമുള്ള പോത്തുകുട്ടിക്കുണ്ടായിരിക്കേണ്ട തൂക്കവും വിലയും സംബന്ധിച്ച സർക്കാർ ഉത്തരവ് ഓഡിറ്റിന് ലഭ്യമാക്കിയില്ല. ആയതിനാൽ നല്കിയ പോത്തുകുട്ടികൾക്ക് ആവശ്യത്തിന് തൂക്കമുണ്ടായിരുന്നോയെന്ന് വ്യക്തമല്ല.

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നമ്പർ - 16 /16-17/10 .07.2017ന് മറുപടി ലഭിച്ചില്ല.മേൽപരാമർശിച്ച അപാകതകൾ കാരണം ഈ പദ്ധതിക്കായി ചെലവഴിച്ച 1,72,500/-രൂപ തടസ്സത്തിൽ വയ്ക്കുന്നു.

# 3-9 പട്ടിക വർഗ്ഗ വനിതകൾക്ക് പശു വിതരണം-പശുവിനെ ഇൻഷ്വർ ചെയ്തില്ല.

| | |
|---|---|
| പ്രോജക്ട് നം. | 41/16-17 -പട്ടിക വർഗ്ഗ വനിതകൾക്ക് പശു വിതരണം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| അടങ്കൽ | 8,40,000/-(ടി.എസ്.പി)<br>2,94,000/-(മറ്റുള്ളവ) |
| 1. ബിൽനം | 1)പി2/16-17-60,000/- രൂപ തിയ്യതി-01.03.17<br>2)പി4/16-17-60,000/- രൂപ തിയ്യതി-20.03.17<br>3)പി8/16-17-40,000/- രൂപ തിയ്യതി-22.03.17<br>4)പി15/16-17-40,000/- രൂപ തിയ്യതി-31.03.17<br>ആകെ-2,00000/- |

1) ഈ പദ്ധതിയിൽ ആനുകൂല്യം നല്കിയ 10 ഗുണഭോക്താക്കളിൽ ഏതാനും പേരുടെ അപേക്ഷകൾ മാത്രമാണ് ഓഡിറ്റിന് ഹാജരാക്കിയിട്ടുള്ളൂ. മുഴുവൻ അപേക്ഷകളും പരിശോധനയ്ക്ക് നല്കേണ്ടതാണ്. ഗുണഭോക്താക്കളുമായുണ്ടാക്കിയ 'കരാറുകളിൽ' പലതിലും നിർവ്വഹണഉദ്യോഗസ്ഥനോ അപേക്ഷകനോ ഒപ്പുവെച്ചിട്ടില്ല.പല 'കരാറുകളിലും' യാതൊന്നും എഴുതിയിട്ടില്ല (ഉദാ. വെള്ളച്ചി ഉണ്ണി എന്നവരുമായുള്ള കരാർ.) ആരുടെയും പശുക്കളെ ഇൻഷ്വർ ചെയ്തതിന്റെ പോളിസി ഡോക്യുമെന്റ്, ഫോട്ടോ എന്നിവ നിർവ്വഹണഉദ്യോഗസ്ഥൻ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. 10.07.2017 ന് നടത്തിയ സ്ഥലപരിശോധനവേളയിൽ ഒരു ഗുണഭോക്താവും പശുവിനെ ഇൻഷ്വർ ചെയ്തതിന്റെ ഡോക്യുമെന്റ് ഹാജരാക്കിയില്ല. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നമ്പർ - 16 /16-17/10 .07.2017ന് മറുപടി ലഭിച്ചില്ല. മേൽപരാമർശിച്ച അപാകതകൾ കാരണം ഈ പദ്ധതിക്കായി ചെലവഴിച്ച 2,00000/-രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## 3-10 വനിതകൾക്ക് പശു വിതരണം (ജനറൽ)- അനർഹർക്ക് ആനുകൂല്യം നല്കി.

| | |
|---|---|
| പ്രോജക്ട് നം. | 19/16-17 -വനിതകൾക്ക് പശു വിതരണം (ജനറൽ) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| അടങ്കൽ | 7,10,314/- രൂപ- ജനറൽ<br>9686/- രൂപ -തനത് ഫണ്ട്<br>7,20,000/- രൂപ-മറ്റുള്ളവ<br>ആകെ-14,40,000/- രൂപ |
| ബിൽനം | 1)പി17/16-17-45,000/- രൂപ തിയ്യതി-22.03.17<br>2)പി 9/16-17-1,0500/- രൂപ തിയ്യതി-23.03.17<br>3) പി10/16-17-1,50,000/- രൂപ തിയ്യതി-28.03.17<br>4)പി11/16-17-1,50,000/- രൂപ തിയ്യതി-31.03.17<br>5)പി14/16-17-2,60,314/- രൂപ തിയ്യതി-31.03.17<br>ആകെ-7,10,314/- രൂപ |

ഈ പദ്ധതിയിൽ ആനുകൂല്യം നല്കിയ 48 ഗുണഭോക്താക്കളിൽ ഏതാനും പേരുടെ

അപേക്ഷകൾ മാത്രമാണ് ഓഡിറ്റിന് ഹാജരാക്കിയിട്ടുള്ളു. മുഴുവൻ അപേക്ഷകളും പരിശോധനയ്ക്ക് നല്കേണ്ടതാണ്. ഗുണഭോക്താക്കളുമായുണ്ടാക്കിയ കരാറുകൾ പരിശോധനയ്ക്ക്ഹാജരാക്കിയിട്ടില്ല. ആയത് ഹാജരാക്കേണ്ടതാണ്. ആരുടെയും പശുക്കളെ ഇൻഷ്വർ ചെയ്തതിന്റെ പോളിസി ഡോക്യുമെന്റ്,ഫോട്ടോ എന്നിവ നിർവ്വഹണഉദ്യോഗസ്ഥൻ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. 10.07.2017 ന് നടത്തിയ സ്ഥലപരിശോധനവേളയിൽ ഒരു ഗുണഭോക്താവും പശുവിനെ ഇൻഷ്വർ ചെയ്തതിന്റെ ഡോക്യുമെന്റ് ഹാജരാക്കിയില്ല.

2) ജി.ഒ(എം.എസ്) 04/2016/തസ്വഭവ തിയ്യതി 11.01.2016 (2016-17 ലെ പദ്ധതി മാർഗ്ഗരേഖയും സബ്സിഡി മാർഗ്ഗരേഖയും) അനുബന്ധം 15 ഖണ്ഡിക 2.14 (3) പ്രകാരം 100 ച.മീ അധികം വിസ്തീർണ്ണമുള്ള ഓടിട്ടതോ/ കോൺക്രീറ്റ് കൊണ്ടുള്ളതോ രണ്ടുംകൂടിയതോ ആയ കെട്ടിടം ഉടമസ്ഥതയിലുള്ളവരെ 50,000/-രൂപയിൽ താഴെ വരുമാനമുള്ളവരായി കണക്കാക്കുന്നതല്ല. മേൽ ഉത്തരവ് അനുബന്ധം 15 ഖണ്ഡിക 3.2 പ്രകാരം കുടുംബ വാർഷിക വരുമാനം 50,000/- രൂപയിൽ കവിയാത്തവർക്കും നാമമാത്ര ചെറുകിട കർഷകർക്കും മാത്രമാണ് കറവയുള്ള പശുവിനുള്ള സബ്സിഡിക്ക് അർഹതയുള്ളു. എന്നാൽ ഇതിന് വിരുദ്ധമായി 108.78 m2 ച.മീ തറ വിസ്തീർണ്ണമുള്ള 12/288 നമ്പർ കോൺക്രീറ്റ് കെട്ടിടത്തിന്റെ ഉടമയായ ശ്രീ . സുരേഷ് മാത്യു, അമ്പലത്തിങ്കത്തിൽ എന്നവരുടെ ഭാര്യയായ ബിൻസി സുരേഷ് എന്നവർക്ക് വെറ്ററിനറി സർജൻ മുഖാന്തിരം പ്രൊജക്ട് നം 19/16-17 -വനിതകൾക്ക് പശു വിതരണം (ജനറൽ) പദ്ധതി പ്രകാരം പശുവിനെ നല്കിയിട്ടുണ്ട്.(ടാഗ് നം.420014/472040). ഈയിനത്തിൽ സബ്സിഡിയായി 15,000/- രൂപ പശുവിനെ നല്കിയ ത്രേസ്യാ മത്തായി കരിശുംമൂട്ടിൽ എന്നവർക്ക് നല്കിയിട്ടുണ്ട്(ചെക്ക് നം 0170005-STSB അക്കൗണ്ട്). സർക്കാർ ഉത്തരവിന് വിരുദ്ധമായി ആനുകൂല്യം നല്കിയതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നമ്പർ 25 /16-17/11.07.17 ന് മറുപടി നല്കിയില്ല. ആയതിനാൽ അനർഹമായി നല്കിയ 15,000/-രൂപയുടെ സബ്സിഡി നിർവ്വഹണഉദ്യോഗസ്ഥനായ വെറ്ററിനറി സർജനിൽ നിന്നും ഈടാക്കേണ്ടതാണ്.

3) ജി.ഒ(എം.എസ്) 04/2016/തസ്വഭവ തിയ്യതി 11.01.2016 (2016-17 ലെ പദ്ധതി മാർഗ്ഗരേഖയും സബ്സിഡി മാർഗ്ഗരേഖയും) അനുബന്ധം 15 ഖണ്ഡിക 7.18പ്രകാരം ഭരണസമിതി അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റ് ഗ്രാമപഞ്ചായത്തിന്റെ നോട്ടീസ് ബോർഡിലും വെബ്സെറ്റിലും പ്രസിദ്ധീകരിക്കേണ്ടതുമാണ്. വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കാത്ത ലിസ്റ്റിന് സാധുത ഉണ്ടായിരിക്കുന്നതുമല്ല . എന്നാൽ ഈ പദ്ധതിയുടെ ഗുണഭോക്തൃലിസ്റ്റ് 28.06.2017 വരെ കോട്ടത്തറ ഗ്രാമപഞ്ചായത്തിന്റെ www.lsgkerala.in/kottatharapanchayat എന്ന വെബ്സെറ്റിൽ പ്രസിദ്ധീകരിച്ചിട്ടില്ല. ഈ പദ്ധതിയിലെ ഗുണഭോക്തൃ ലിസ്റ്റ് വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടില്ലാത്തതിനാൽ ഈ ലിസ്റ്റിന് സാധുതയില്ല. ആയതിനാൽ ഈ പദ്ധതിയിൽ വിവിധ വ്യക്തികൾക്ക് നല്കിയ ആനുകൂല്യം ഓഡിറ്റ് അംഗീകരിക്കുന്നില്ല.

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നമ്പർ - 16 /16-17/10 .07.2017ന് മറുപടി ലഭിച്ചില്ല. ആയതിനാൽ ഈ പദ്ധതിക്കായി ചെലവഴിച്ച 2(ii)ൽ നിരാകരിച്ച 15,000/-രൂപ കഴിച്ച് 6,95,314/- രൂപ(710314-15,000) ഓഡിറ്റ് നിരാകരിക്കുന്നു.

## 3-11 പ്രത്യേക കന്നുകുട്ടി പരിപാലനം (എസ്.ടി വിഭാഗം)- രേഖകൾ മുഴുവനും ഹാജരാക്കിയില്ല.

| | |
|---|---|
| പ്രോജക്ട് നം. | 43/16-17 -പ്രത്യേക കന്നുകുട്ടി പരിപാലനം(എസ്.ടി വിഭാഗം) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| അടങ്കൽ | 1,87,500/-(ടി.എസ്.പി)<br>1,87,500/-(സംസ്ഥാനവിഷ്കൃത ഫണ്ട്)<br>3,75,000/-(മറ്റുള്ളവ)<br>ആകെ-7,50,000/- |
| ബിൽനം | 1)പി 5/16-17-1,37,500/- രൂപ തിയ്യതി-20.03.17 |

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നമ്പർ - 16 /16-17/10 .07.2017ന് മറുപടി ലഭിച്ചില്ല.ആയതിനാൽ ഈ പദ്ധതിക്കായി ചെലവഴിച്ച 1,37,500/- രൂപ ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു.

1. ഈ പദ്ധതിൽ തിരഞ്ഞെടുത്ത ഗുണഭോക്താക്കളുടെ ലിസ്റ്റിൽ 32 പേരുണ്ടെങ്കിലും 11 പേർക്കാണ് ആനുകൂല്യം നല്കിയത്. ലിസ്റ്റിലെ ക്രമം തെറ്റിച്ച് ആനുകൂല്യം നല്കിയതിന് വിശദീകരണം നല്കേണ്ടതാണ്. ആനുകൂല്യം നല്കിയവരുടെ അപേക്ഷകൾ,കന്നുകുട്ടികളെ ഇൻഷ്വർ ചെയ്തതിന്റെ പോളിസി ഡോക്യുമെന്റ്,ഫോട്ടോ,പ്രായം തെളിയിക്കുന്നതിന്റെ രേഖ (കാഫ് ബർത്ത് രജിസ്റ്റർ),ഗുണഭോക്തൃവിഹിതമായ 12,500/-രൂപ വീതം പഞ്ചായത്തിൽ അടവാക്കിയതിന്റെ വിശദാംശങ്ങൾ,പഞ്ചായത്ത്തല സമിതിയുടെ പദ്ധതി മോണിറ്ററിംഗ് സംബന്ധിച്ച റിപ്പോർട്ട്, മൂന്ന് മാസത്തിലൊരിക്കൽ കന്നുകുട്ടിയുടെ വളർച്ചാനിരക്ക് നിരീക്ഷിച്ചത് സംബന്ധിച്ച റിപ്പോർട്ട്, മൂന്ന് മാസം തുടർച്ചയായി കാലിത്തീറ്റ വാങ്ങാത്തവരുണ്ടെങ്കിൽ അതിന്റെ വിവരം എന്നിവ ഓഡിറ്റിന് ഹാജരാക്കിയില്ല.

1. അംഗീകരിച്ച പദ്ധതി പ്രകാരം പഞ്ചായത്ത് വിഹിതമായി 6250/- രൂപയാണ്

ഒരു ഗുണഭോക്താവിന് ചെലവഴിക്കേണ്ടതെങ്കിലും 12,500/- വീതം ചെലവഴിച്ചതിന് വിശദീകരണം നല്കിയില്ല.

## 3-12 പാലിന് സബ്സിഡി നല്കൽ-തുക കർഷകർക്ക് കൈമാറിയില്ല.

| | |
|---|---|
| പ്രോജക്ട് നം. | 122/16-17,190/16-17 - പാലിന് സബ്സിഡി നല്കൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| അടങ്കൽ | 1-1,45,000/-(ജനറൽ)<br>2-4,00000/-(ജനറൽ) |
| ബിൽനം | 1)പി 18/16-17-11,45,000/- രൂപ തിയ്യതി-31.03.17<br>2) പി 19/16-17-4,00000/- രൂപ തിയ്യതി-31.03.17<br>ആകെ-5,45,000/- |

1) ഈ പദ്ധതിൽ 821 ക്ഷീരകർഷകർക്കാണ് 6,25,746.50 ലിറ്റർ പാൽ അളന്നതിന് 5,45,000/- രൂപ നല്കിയിട്ടുള്ളത്. മൃഗ സംരക്ഷണവകുപ്പിൽ നിന്നോ ക്ഷീരവികസന വകുപ്പിൽ നിന്നോ ഈയിനത്തിൽ കർഷകർക്ക് ആനുകൂല്യം നല്കിയിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ ഓഡിറ്റിന് നല്കേണ്ടതാണ്. ഈ പദ്ധതിക്കുവേണ്ടി തിരഞ്ഞെടുത്ത ഗുണഭോക്താക്കളുടെ ലിസ്റ്റ് പഞ്ചായത്തിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കാത്തതിന് വിശദീകരണം നല്കേണ്ടതാണ്. ജി.ഒ(എം.എസ്) 04/2016 /തസ്വഭവ തിയ്യതി 11.01.2016 (2016-17 ലെ പദ്ധതി മാർഗ്ഗരേഖയും സബ്സിഡി മാർഗ്ഗരേഖയും) അനുബന്ധം 15 ഖണ്ഡിക 3.2(8) പ്രകാരം പാൽ സബ്സിഡി കർഷകരുടെ ബാങ്ക് അക്കൗണ്ടിലേക്കാണ് നല്കേണ്ടത്. ഓഡിറ്റിന് ഹാജരാക്കിയ പള്ളിക്കുന്ന് ക്ഷീരോത്പ്പാദക സഹകരണസംഘം നല്കിയ 403 കർഷകരുടെ സംഘത്തിൽ അളന്ന പാൽ, അവരുടെ ബാങ്ക് അക്കൗണ്ട് എന്നിവ സംബന്ധിച്ച പത്രിക പരിശോധിച്ചതിൽ പല കർഷകരുടെയും ബാങ്ക് അക്കൗണ്ട് വിവരം നല്കിയിട്ടില്ല. എന്നാൽ മുഴുവൻ കർഷകർക്കുമായി ആകെ 2,86,650/- രൂപ നിർവ്വഹണഉദ്യോഗസ്ഥൻ സംഘത്തിന് നല്കിയിട്ടുണ്ട്. തരിയോട്, പടിഞ്ഞാറത്തറ, തെക്കുംത്തറ, മടക്കിമല, വെണ്ണിയോട് എന്നീ ക്ഷീരോത്പ്പാദക സഹകരണ സംഘങ്ങൾ കർഷകർ സംഘത്തിൽ അളന്ന പാൽ, അവരുടെ ബാങ്ക് അക്കൗണ്ട് എന്നിവ സംബന്ധിച്ച് യാതൊരു രേഖയും നല്കിയിട്ടില്ല. എന്നാൽ ഈ സംഘങ്ങൾക്ക് യഥാക്രം 3,000/- രൂപ,18,900/- രൂപ ,820/-രൂപ ,12,590/- രൂപ , 2,23,040/- രൂപ

എന്നിങ്ങനെ നിർവ്വഹണ ഉദ്യോഗസ്ഥൻ നല്കിയിട്ടുണ്ട്. ക്ഷീര സംഘങ്ങളുമായുള്ള കരാർ പ്രകാരം പണം ലഭിച്ച് 10 ദിവസത്തിനുള്ളിൽ സെക്രട്ടറി കർഷകരുടെ അക്കൗണ്ടിലേക്ക് പണം കൈമാറേണ്ടതാണെങ്കിലും ഒരു സംഘവും ക്ഷീരകർഷകരുടെ അക്കൗണ്ടിലേക്ക് പണം കൈമാറിയതിന്റെ രേഖ, അക്കൗണ്ട് വിവരങ്ങൾ എന്നിവ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

0. 1. 3) പാൽ സബ്സിഡി ഇനത്തിൽ ബ്ളോക്ക് പഞ്ചായത്ത് വിഹിതമായി 30/03/2017 ന് 1,95,600/-രൂപ സെക്രട്ടറിയുടെ STSB അക്കൗണ്ടിൽ (718011400000016) വരവ് വന്നെങ്കിലും കർഷകർക്ക് നല്കിയില്ല. വിശദീകരണം നല്കേണ്ടതാണ്.

   ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നമ്പർ - 16 /16-17/10.07.2017ന് മറുപടി ലഭിച്ചില്ല. ആയതിനാൽ ഈ പദ്ധതിക്കായി ചെലവഴിച്ച 5,45,000/- രൂപ ഓഡിറ്റ് നിരാകരിക്കുന്നു.

# 3-13 വെറ്ററിനറി ഡിസ്പെൻസറിക്ക് ഇൻവെട്ടർ വാങ്ങി -ഇൻസ്റ്റാൾ ചെയ്തിട്ടില്ല.

| | |
|---|---|
| പ്രോജക്ട് നം. | 142/16-17 -വെറ്ററിനറി ഡിസ്പെൻസറിക്ക് ഇൻവെട്ടർ വാങ്ങൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| അടങ്കൽ | 65,000/-(ധനകാര്യകമ്മീഷൻ അവാർഡ് ) |
| ബിൽനം | 1) പി 16/16-17-33,300/- രൂപ തിയ്യതി-31.03.17 |

1) ഈ പദ്ധതിയിൽ ഇൻവെട്ടർ നല്കിയ കൊച്ചിയിലെ സുപ്ര ഹൈടെക് ഇലക്ട്രോഎക്യൂപ്മെൻസ്(പ്രൈവറ്റ് ലി.) എന്ന സ്ഥാപനം അവർ നല്കിയ ടെണ്ടർ പ്രകാരം നടത്തേണ്ടിയിരുന്ന ഇൻസ്റ്റലേഷൻ നടത്തിയിട്ടില്ല. വിശദീകരണം നല്കേണ്ടതാണ്.മേൽ ടെണ്ടർ പ്രകാരം സുപ്ര 1 കെ.വി.എ ഇൻവെട്ടർ വിത്ത് 3240 വി.എ.എച്ച് ബാറ്ററി ബാങ്കം, സ്റ്റാന്റുമാണ് നല്കേണ്ടത്. ടെണ്ടറിനോടൊപ്പം സമർപ്പിച്ച കാറ്റലോഗിൽ സ്പെസിഫിക്കേഷൻ രേഖപ്പെടുത്തിയിട്ടില്ല. സ്ഥാപനം നല്കിയ സെയിൽസ് ഇൻവോയ്സ് നം. TR0088 തിയ്യതി 27.03.17 പ്രകാരം ജി.പി-1012 മോഡൽ ഇൻവെട്ടറാണ് സപ്ളൈ ചെയ്തിട്ടുള്ളത്. ആയതിനാൽ അംഗീകരിച്ച ടെണ്ടർ പ്രകാരമുള്ള ഇൻവെർട്ടറാണോ നല്കിയതെന്ന് വ്യക്തമല്ല.

1. 1. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നമ്പർ - 16 /16-17/10.07.2017ന് മറുപടി ലഭിച്ചില്ല. ആയതിനാൽ ഈ പദ്ധതിക്കായി ചെലവഴിച്ച33,300/- രൂപ ഓഡിറ്റ് തടസ്സത്തിൽ

വയ്ക്കുന്നു.

## 3-14 തെരുവ് നായ നിയന്ത്രണം-2016-17- വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

| | |
|---|---|
| പ്രോജക്ട് നം. | 1. 44/16-17 -തെരുവ് നായ നിയന്ത്രണം-2016-17 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| അടങ്കൽ | 2,00000/- രൂപ(ധനകാര്യകമ്മീഷൻ അവാർഡ് ) |
| ബിൽനം | 1) പി1/16-17-2,00000/- രൂപ തിയ്യതി-18.02.17 |

1. 1. തെരുവ് നായ്ക്കളെ വന്ധ്യംകരിക്കുന്നതിന് ജില്ലാ പഞ്ചായത്തിന് വിഹിതം നല്കുന്നതിനായിരുന്നു പദ്ധതി. മേൽപരാമർശിച്ച ബിൽ പ്രകാരം 2,00000/- രൂപയാണ് മാറിയിട്ടുള്ളത്. പ്രൊജക്ടിൽ ചെലവിന്റെ യാതൊരു വിശദാംശവുമില്ല. പണം ജില്ലാ പഞ്ചായത്തിന് നല്കിയതിന്റെ വിശദാംശം, കൈപ്പറ്റ് എന്നിവ ഓഡിറ്റിന് നല്കേണ്ടതാണ്.
   ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നമ്പർ - 16 /16-17/10.07.2017ന് മറുപടി ലഭിച്ചില്ല. ആയതിനാൽ ഈ പദ്ധതിക്കായി ചെലവഴിച്ച 2,00000/- രൂപ ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു.

## 3-15 കൃഷി ഓഫീസർ നടപ്പിലാക്കിയ വിവിധ പദ്ധതികളിലെ പൊതുവായ അപാകങ്ങൾ.

കൃഷി ഓഫീസർ നടപ്പിലാക്കിയ ഒരു പദ്ധതിയുടെയും ഗുണഭോക്താക്കളുടെ അപേക്ഷകൾ,അർഹത തെളിയിക്കുന്നതിന്റെ രേഖകൾ എന്നിവ ഓഡിറ്റിന് പരിശോധനയ്ക്ക് ഹാജരാക്കിയില്ല.ആയത് ഹാജരാക്കേണ്ടതാണ്.

ജി.ഒ(എം.എസ്) 04/2016/തസ്വഭവ തിയ്യതി 11.01.2016 (2016-17 ലെ പദ്ധതി മാർഗ്ഗരേഖയും സബ്സിഡി മാർഗ്ഗരേഖയും) അനുബന്ധം 15 ഖണ്ഡിക 7.18പ്രകാരം വ്യാപകമായ പ്രചാരണം നടത്തി അപേക്ഷ ക്ഷണിച്ച് വർക്കിംഗ് ഗ്രൂപ്പ് അർഹത മാനദണ്ഡങ്ങൾക്കനുസരിച്ച് ഗുണഭോക്താക്കളുടെ കരട് മുൻഗണനാലിസ്റ്റ് തയ്യാറാക്കേണ്ടതും ആയത് നിർവ്വഹണഉദ്യോഗസ്ഥൻ സ്ഥല പരിശോധന നടത്തി സാക്ഷ്യപ്പെടുത്തി കരട് ലിസ്റ്റ് വാർഡ് വികസന സമിതി വഴി അയൽസഭയ്ക്കു നല്കി

,അയൽസഭ ശുപാർശ സഹിതം കരട് മുൻഗണനാലിസ്റ്റ് ഗ്രാമസഭയുടെ പരിഗണനയ്ക്ക് നല്കി ഗ്രാമസഭ ചർച്ച ചെയ്ത് അന്തിമ ലിസ്റ്റ് അംഗീകരിക്കേണ്ടതും ആയത് ക്രമം തെറ്റാതെ ഭരണസമിതി അംഗീകരിക്കേണ്ടതുമാണ്.ഈ ലിസ്റ്റിൽ വരുത്തുന്ന ഏതൊരു മാറ്റവും ഗ്രമസഭയുടെ അംഗീകാരത്തോടെയുമായിരിക്കണം. ഭരണസമിതി അംഗീകരിച്ച ലിസ്റ്റ് ഗ്രാമപഞ്ചായത്തിന്റെ നോട്ടീസ് ബോർഡിലും വെബ്സൈറ്റിലും പ്രസിദ്ധീകരിക്കേണ്ടതുമാണ്. വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കാത്ത ലിസ്റ്റിന് സാധുത ഉണ്ടായിരിക്കുന്നതുമല്ല. എന്നാൽ കൃഷിക്കായുള്ള വർക്കിംഗ് ഗ്രൂപ്പ് മിനിട്സ് പരിശോധിച്ചതിൽ കൃഷിഓഫീസർ നടപ്പിലാക്കിയ ഒരു പദ്ധതിയുടെയും ഗുണഭോക്താക്കളുടെ ലിസ്റ്റ് ചർച്ചചെയ്തതിന്റെയോ കരട് മുൻഗണനാലിസ്റ്റ് അംഗീകരിച്ചതിന്റെയോ യാതൊരു വിവരവും മിനിട്സ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. സമഗ്ര പുരയിടകൃഷി വികസനം(ജനറൽ), നെൽ വിത്ത് വിതരണം എന്നീ പദ്ധതികളുടെ ഗുണഭോക്താക്കളുടെ ലിസ്റ്റ് മാത്രമാണ് കോട്ടത്തറ ഗ്രാമപഞ്ചായത്തിന്റെ www.lsg kerala.in/kottatharapanchayat എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ളു. അപ്രകാരം ചെയ്യാത്ത ലിസ്റ്റുകൾക്ക് സാധുതയില്ല. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നമ്പർ - 15/16-17/ 10.07.2017 ന് മറുപടി ലഭ്യമാക്കിയില്ല.

## 3-16 ജലസേചന കിണർ( എസ്.ടി വിഭാഗം) പൂർണ്ണമായ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയില്ല.

| | |
|---|---|
| പ്രോജക്ട് നം. | 101/16-17- ജലസേചന കിണർ( എസ്.ടി വിഭാഗം) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| അടങ്കൽ | 5,20,000/-(ടി.എസ്.പി)<br><br>മറ്റുള്ളവ-3,90,000/-<br><br>ആകെ-9,10,000/- |
| ബിൽനം. | 1)കെ.ബി.കെ 09/16-17തിയ്യതി-29.03.17 -2,40,000/- രൂപ<br><br>2കെ.ബി.കെ 10/16-17തിയ്യതി-30.03.17- 20,000/- രൂപ<br><br>ആകെ-2,60,000/- |

ഈ പദ്ധതിയിൽ പുതിയ ജലസേചന കിണറിന് 20,000/-രൂപ വീതം ആനുകൂല്യം ലഭിച്ച 11 പേരുടെ കിണറുകൾക്ക് എൽ.എസ്.ജി.ഡി എൻജിനീയർ നല്കിയ വാലേഷൻ, സർട്ടിഫിക്കറ്റ്, തുക ഗുണഭോക്താക്കൾക്ക് നല്കിയതിന്റെ വിവരം എന്നിവ ഓഡിറ്റിന് ലഭ്യമാക്കിയില്ല. ഗുണഭോക്തൃ ലിസ്റ്റ് വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടില്ലാത്തതിനാൽ

ഈ ലിസ്റ്റിന് സാധുതയില്ല. ആയതിനാൽ ഈ പദ്ധതിയിൽ വിവിധ വ്യക്തികൾക്ക് നല്കിയ ആനുകൂല്യം ഓഡിറ്റ് അംഗീകരിക്കുന്നില്ല. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നമ്പർ - 15/16-17/ 10.07.2017 ന് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ഈ പദ്ധതിയിൽ ചെലവഴിച്ച 2,60,000/- രൂപ ഓഡിറ്റ് നിരാകരിക്കുന്നു.

## 3-17 സമഗ്രപുരയിട കൃഷി വികസനം(ജനറൽ, ടി.എസ്.പി)

## പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ

1)

| | |
|---|---|
| പ്രോജക്റ്റ് നം. | 1. 99/16-17 -സമഗ്രപുരയിട കൃഷി വികസനം(ജനറൽ) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| അടങ്കൽ | 6,00000/-(ജനറൽ)<br>4,00000/-(മറ്റുള്ളവ)<br>ആകെ-10,00000/- |
| ബിൽനം | 1)കെ.ബി.കെ 05/16-17തിയ്യതി-29.03.17 - 600000/- രൂപ |

2)

| | |
|---|---|
| പ്രോജക്റ്റ് നം. | 2. 100/16-17 -സമഗ്രപുരയിട കൃഷി വികസനം(ടി.എസ്.പി) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| അടങ്കൽ | 2,82,500/-(ടി.എസ്.പി)<br>1,88,350/-(മറ്റുള്ളവ)<br>ആകെ-4,70,850/- |
| ബിൽനം | 1)കെ.ബി.കെ 06/16-17 തിയ്യതി-29.03.17 - 35,546/- രൂപ |

1) ഒന്നാമത്തെ പദ്ധതി പ്രകാരം 200 ഹെക്ടർ സ്ഥലത്തെ കവുങ്ങ് മുഖ്യ കൃഷിയായുള്ള

550 പേർക്കും രണ്ടാമത്തെ പദ്ധതി പ്രകാരം 100 ഹെക്ടർ സ്ഥലത്തെ കവുങ്ങ് മുഖ്യ കൃഷിയായുള്ള 250 പേർക്കും ജൈവവളവും രാസവളവും നല്കുക എന്നായിരുന്ന പദ്ധതികളിൽ വിഭാവനം ചെയ്തിരുന്നത്. ഈ പദ്ധതികളിൽ യഥാക്രമം 615 കർഷകർക്ക് 83.7 ഹെക്ടർ സ്ഥലത്തെ കവുങ്ങ് കൃഷിക്കായി ജൈവവളവും രാസവളവും വാങ്ങിയ വകയിൽ 6,00000/- രൂപയും 12 പേർക്ക് 4.96 ഹെക്ടർ സ്ഥലത്തെ കവുങ്ങ് കൃഷിക്കായി 35,546/- രൂപയും കണക്കാക്കിയുള്ള ബാങ്ക് അക്കൗണ്ട് നമ്പർ അടങ്ങുന്ന ഒരു പത്രിക മാത്രമാണ് ഓഡിറ്റിന് ഹാജരാക്കിയിട്ടുള്ളത്. ബാങ്ക് പാസ് ബുക്ക് പകർപ്പ് ഹാജരാക്കിയിട്ടില്ല. (കോട്ടത്തറ ഗ്രാമപഞ്ചായത്തിന്റെ www.lsgkerala.in/kottatharapanchayat എന്ന വെബ്സെറ്റിൽ ഒന്നാമത്തെ പദ്ധതിക്കായി 951 പേരുടെ പട്ടികയാണ് പ്രസിദ്ധീകരിച്ചിട്ടുള്ളതെങ്കിലും 615 കർഷകരുടെ വിശദാംശങ്ങളാണ് കൃഷിഓഫീസർ നല്കിയിട്ടുള്ളത്.) ആയതിനാൽ തുക കർഷകർക്ക് നല്കുന്നതുമായി ബന്ധപ്പെട്ട് അവർക്ക് എന്തെങ്കിലും അറിയിപ്പ് നല്കിയിരുന്നോ, കൈപ്പറ്റ് ലഭിച്ചിരുന്നോ ,കർഷകരുടെ അക്കൗണ്ടിലേക്ക് തുക കൈമാറിയോ എന്നിവ സംബന്ധിച്ച യാതൊരു വിവരവും ലഭ്യമാക്കിയില്ല. ആയത് ഓഡിറ്റിന് നല്കേണ്ടതാണ്. മേൽപരാമർശിച്ച കർഷകർക്ക് 6,35,546/- രൂപ ചെലവഴിച്ചതിന്റെ മാനദണ്ഡം( കവുങ്ങുകളുടെ എണ്ണം, വളത്തിന്റെ തരം,ഇനം ,അളവ്,നിരക്ക് ,വളത്തിന്റെ ബില്ല് എന്നിവ) ഓഡിറ്റിന് ലഭ്യമാക്കിയില്ല.

2)ജി.ഒ(എം.എസ്) 04/2016/തസ്വഭവ തിയ്യതി 11.01.2016 (2016-17 ലെ പദ്ധതി മാർഗ്ഗരേഖയും സബ്സിഡി മാർഗ്ഗരേഖയും) അനുബന്ധം 15 ഖണ്ഡിക 3.1(1(a),(b)) എന്നിവ പ്രകാരം ആനുകൂല്യം വളമായാണ് നല്കേണ്ടത് . എന്നാൽ ഇതിന് വിരുദ്ധമായി പണമായി ആനുകൂല്യം നല്കിയതിന് വിശദീകരണം നല്കിയില്ല.

സമഗ്രപുരയിട കൃഷി വികസനം(ടി.എസ്.പി) പദ്ധതിയുടെ ഗുണഭോക്തൃ ലിസ്റ്റ് വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടില്ലാത്തതിനാൽ ഈ ലിസ്റ്റിന് സാധുതയില്ല. ആയതിനാൽ ഈ പദ്ധതിയിൽ വിവിധ വ്യക്തികൾക്ക് നല്കിയ ആനുകൂല്യം ഓഡിറ്റ് അംഗീകരിക്കുന്നില്ല.

മേൽ വിഷയങ്ങൾ സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നമ്പർ - 15/16-17/ 10.07.2017 ന് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ സമഗ്രപുരയിട കൃഷി വികസനം(ജനറൽ) പദ്ധതിയിൽ ചെലവഴിച്ച 600000/- രൂപ ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുകയും സമഗ്രപുരയിട കൃഷി വികസനം(ടി.എസ്.പി) പദ്ധതിയിൽ ചെലവഴിച്ച 35,546/- രൂപ ഓഡിറ്റ് നിരാകരിക്കുകയും ചെയ്യുന്നു.

## **3-18** <u>സബ്സിഡി നിരക്കിൽ നെൽവിത്ത് വിതരണം (ജനറൽ)-രേഖകൾ ഓഡിറ്റിന് ഹാജരാക്കിയില്ല.</u>

| | |
|---|---|
| പ്രോജക്ട് നം. | 97/16-17 -സബ്സിഡി നിരക്കിൽ നെൽവിത്ത് വിതരണം( ജനറൽ) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| അടങ്കൽ | 1,50,000/-(ജനറൽ) |
| ബിൽനം | 1)കെ.ബി.കെ 01/16-17തിയ്യതി-15.02.17 - 1,50,000/- രൂപ |

1) ഈ പദ്ധതിയുമായി ബന്ധപ്പെട്ട യാതൊരു രേഖയും (പ്രൊജക്ട്,ഗുണഭോക്താക്കളുടെ വിവരം,നെൽവിത്ത് നല്കിയ സ്ഥാപനത്തിന്റെ അംഗീകാരം,നല്കിയ നെൽവിത്തിന്റെ തൂക്കം,വില,ഗുണഭോക്താക്കളുടെ ഇൻഷ്വർ ചെയ്തതും കൃഷി ചെയ്തതുമായ സ്ഥലത്തിന്റെ രേഖ, പണം നല്കിയതിന്റെ വിവരം , വിളവ് തുടങ്ങിയവ) ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ഇതു സംബന്ധിച്ച 28.06.2017 ലെ ഓഡിറ്റ് റിക്വസിഷനും 10.07.2017 ലെ ഓഡിറ്റ് എൻക്വയറി നമ്പർ - 15/16-17 നും മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ 1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധന രീതിയും ആഡിറ്റ് സംവിധാനവും ) ചട്ടം 12 (2) പ്രകാരം രേഖകളോ കണക്കുകളോ നിലവിലില്ല എന്ന നിഗമനത്തിൽ ഈ പദ്ധതിക്കായി ചെലവഴിച്ച 1,50,000/- രൂപ ഓഡിറ്റ് നിരാകരിക്കുന്നു.

## 3-19 നെൽകൃഷി കൂലി ചെലവ് സബ്സിഡി(ജനറൽ വിഭാഗം,ടി.എസ്.പി വിഭാഗം) പൂർണ്ണമായ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയില്ല.

1)

| | |
|---|---|
| പ്രോജക്ട് നം. | 54/16-17 -നെൽകൃഷി കൂലി ചെലവ് സബ്സിഡി(ജനറൽ വിഭാഗം) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| അടങ്കൽ | 5,50,000/-(ജനറൽ)<br>5,50,000/-(ജില്ലാ പഞ്ചായത്ത്)<br>70,00000/-(മറ്റുള്ളവ)<br>ആകെ-81,00000/- |
| ബിൽനം | 1)കെ.ബി.കെ 02/16-17 തിയ്യതി-28.02.17 - 5,10,000/- രൂപ |

2)

| | |
|---|---|
| പ്രോജക്ട് നം. | 2. 93/16-17 -നെൽകൃഷി കൂലി ചെലവ് സബ്സിഡി (ടി.എസ്.പി വിഭാഗം) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| അടങ്കൽ | 2,17,5,00/-(ടി.എസ്.പി )<br>2,17,5,00/-(ജില്ലാ പഞ്ചായത്ത്)<br>21,75,000/-(മറ്റുള്ളവ)<br>ആകെ-26,10,000/- |
| ബിൽനം | 1)കെ.ബി.കെ 04/16-17തിയ്യതി-28.03.17 - 2,17,500/- രൂപ |

1) ഒന്നാമത്തെ പദ്ധതി പ്രകാരം 170 ഹെക്ടർ സ്ഥലത്ത് നെൽകൃഷി ചെയ്ത വകയിൽ 407 പേർക്ക് 5,10,000/-രൂപയും രണ്ടാമത്തെ പദ്ധതി പ്രകാരം 72.5 ഹെക്ടർ സ്ഥലത്ത് നെൽകൃഷി ചെയ്ത വകയിൽ 125 പേർക്ക് 2,17,500/-രൂപയും കണക്കാക്കിയുള്ള ബാങ്ക് അക്കൗണ്ട് നമ്പർ അടങ്ങുന്ന ഒരു പത്രിക മാത്രമാണ് ഓഡിറ്റിന് ഹാജരാക്കിയിട്ടുള്ളത്. കർഷകരുടെ അക്കൗണ്ട് നമ്പർ ബോധ്യപ്പെടുന്നതിനുള്ള യാതൊരു രേഖയും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.. തുക കർഷകർക്ക് നല്കുന്നതുമായി ബന്ധപ്പെട്ട് അവർക്ക് എന്തെങ്കിലും അറിയിപ്പ് നല്കിയിരുന്നോ,കൈപ്പറ്റ് ലഭിച്ചിരുന്നോ ,കർഷകരുടെ അക്കൗണ്ടിലേക്ക് തുക കൈമാറിയോ എന്നിവ സംബന്ധിച്ച യാതൊരു വിവരവും ലഭ്യമാക്കിയില്ല.

ഈ പദ്ധതികളുടെ ഗുണഭോക്തൃ ലിസ്റ്റ് വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടില്ലാത്തതിനാൽ ഈ ലിസ്റ്റുകൾക്ക് സാധുതയില്ല. ആയതിനാൽ ഈ പദ്ധതികളിൽ വിവിധ വ്യക്തികൾക്ക് നല്കിയ ആനുകൂല്യം ഓഡിറ്റ് അംഗീകരിക്കുന്നില്ല.

മേൽ വിഷയങ്ങൾ സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നമ്പർ - 15/16-17/ 10.07.2017 ന് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ഈ പദ്ധതികളിൽ ചെലവഴിച്ച യഥാക്രമം 5,10,000/- രൂപയും 2,17,500/- രൂപയും ഓഡിറ്റ് നിരാകരിക്കുന്നു.

2) 2016-17 ൽ ഒന്നാമത്തെ പദ്ധതിക്കായി 5,10,000/- രൂപയും രണ്ടാമത്തെ പദ്ധതിക്കായി 2,17,500/- രൂപയും ജില്ലാപഞ്ചായത്ത് വിഹിതമായി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 718011400000016 അക്കൗണ്ടിൽ 27.03.2017 ന് വരവ് വന്നതെങ്കിലും കർഷകർക്ക് നല്കുന്നതിനായി നിർവ്വഹണ ഉദ്യോഗസ്ഥനായ കൃഷിഓഫീസർക്ക് നല്കാത്തതിന്റെ കാരണം വ്യക്തമാക്കിയില്ല. ആയത് വിശദമാക്കേണ്ടതാണ്.

## 3-20 <u>പച്ചക്കറികൃഷി കൂലി ചെലവ് സബ്സിഡി (ജനറൽ</u>

<u>വിഭാഗം, ടി.എസ്.പി വിഭാഗം) വിതരണ വിവരം പൂർണ്ണമല്ല</u>

1)

| | |
|---|---|
| പ്രോജക്ട് നം. | 1. 103/16-17 -പച്ചക്കറികൃഷി കൂലി ചെലവ് സബ്സിഡി (ജനറൽ വിഭാഗം) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| അടങ്കൽ | 1,30,000/-(ജനറൽ )<br>2,60,000/-(മറ്റുള്ളവ)<br>ആകെ-3,90,000/- |
| ബിൽനം | 1)കെ.ബി.കെ 03/16-17 തിയ്യതി-18.03.17 - 1,30,000/- രൂപ |

2)

| | |
|---|---|
| പ്രോജക്ട് നം. | 2. 118/16-17 -പച്ചക്കറികൃഷി കൂലി ചെലവ് സബ്സിഡി (ടി.എസ്.പി വിഭാഗം) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| അടങ്കൽ | 1,30,000/-(ടി.എസ്.പി )<br>2,60,000/-(മറ്റുള്ളവ)<br>ആകെ-3,90,000/- |
| ബിൽനം | 1)കെ.ബി.കെ 07/16-17തിയ്യതി-29.03.17 -45,600/- രൂപ<br>2)കെ.ബി.കെ 11/16-17 തിയ്യതി-30.03.17- 15,600/- രൂപ<br>ആകെ-61,200/- |

1. 1. ഒന്നാമത്തെ പദ്ധതി പ്രകാരം 13 ഹെക്ടർ സ്ഥലത്ത് പച്ചക്കറികൃഷി ചെയ്ത വകയിൽ 164 പേർക്ക് 1,30,000/-രൂപയും രണ്ടാമത്തെ പദ്ധതി പ്രകാരം 6.12

ഹെക്ടർ സ്ഥലത്ത് പച്ചക്കറികൃഷി ചെയ്ത വകയിൽ 6 പേർക്ക് 61,200/-രൂപയും കണക്കാക്കിയുള്ള ബാങ്ക് അക്കൗണ്ട് നമ്പർ അടങ്ങുന്ന ഒരു പത്രിക മാത്രമാണ് ഓഡിറ്റിന് ഹാജരാക്കിയിട്ടുള്ളത്. കർഷകരുടെ അക്കൗണ്ട് നമ്പർ ബോധ്യപ്പെടുന്നതിന് പാസ്സ് ബുക്കിൻെറ പകർപ്പ് ഹാജരാക്കിയിട്ടില്ല. തുക കർഷകർക്ക് നല്കുന്നതുമായി ബന്ധപ്പെട്ട് അവർക്ക് എന്തെങ്കിലും അറിയിപ്പ് നല്കിയിരുന്നോ, കൈപ്പറ്റ് ലഭിച്ചിരുന്നോ, കർഷകരുടെ അക്കൗണ്ടിലേക്ക് തുക കൈമാറിയോ എന്നിവ സംബന്ധിച്ച യാതൊരു വിവരവും ലഭ്യമാക്കിയില്ല.

ഈ പദ്ധതികളുടെ ഗുണഭോക്തൃ ലിസ്റ്റ് വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടില്ലാത്തതിനാൽ ഈ ലിസ്റ്റുകൾക്ക് സാധുതയില്ല. ആയതിനാൽ ഈ പദ്ധതിയിൽ വിവിധ വ്യക്തികൾക്ക് നല്കിയ ആനുകൂല്യം ഓഡിറ്റ് അംഗീകരിക്കുന്നില്ല.

മേൽ വിഷയങ്ങൾ സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നമ്പർ - 15/16-17/ 10.07.2017 ന് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ഈ പദ്ധതികളിൽ ചെലവഴിച്ച യഥാക്രമം 1,30,000/- രൂപയും 61,200/- രൂപയും ഓഡിറ്റ് നിരാകരിക്കുന്നു.

## 3-21 അങ്കണവാടികളിൽ വിതരണം ചെയ്യുന്ന ന്യൂട്രിമിക്സ് സാമ്പിളുകൾ യഥാസമയം പരിശോധനയ്ക്ക് വിധേയമാക്കുന്നില്ല.

സാമൂഹ്യക്ഷേമ ഡയറക്ടറുടെ 18.12.2010 ലെ ഐ.സി.ഡി.എസ് .ബി 3-312/2010 കത്ത് പ്രകാരം ഓരോ രണ്ട് മാസത്തിലൊരിക്കലും ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്. 2016-17 വർഷം ന്യൂട്രിമിക്സ് സാമ്പിളുകൾ പരിശോധനയ്ക്ക് അയച്ചതിന്റെ രേഖയോ റിപ്പോർട്ടോ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. മേൽ സ്ഥാപനം പനമരം പ്രൊജക്റ്റിന്റെ കീഴിൽ വരുന്നതായതുകൊണ്ട് അവിടെ നിന്നാണ് സാമ്പിളുകൾ പരിശോധനയ്ക്ക് അയച്ചിരുന്നതെന്നും ഇനി സമയബന്ധിതമായി അയച്ചുകൊള്ളാമെന്നുമാണ് ഐ.സി.ഡി.എസ് അറിയിച്ചിട്ടുള്ളത്. 2016-17 വർഷം വർണ്ണം സ്റ്റാർ ന്യൂട്രിമിക്സ് എന്ന സ്ഥാപനം വിതരണം ചെയ്ത ന്യൂട്രിമിക്സ് സാമ്പിളുകൾ പനമരം പ്രൊജക്റ്റിന്റെ കീഴിൽ നിന്ന് യഥാസമയം പരിശോധനയ്ക്ക് വിധേയമാക്കിയതിന്റെ റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. കോട്ടത്തറ ഗ്രാമപഞ്ചായത്തിന്റെ കീഴിലുള്ള അങ്കണവാടികളിൽ വിതരണം ചെയ്യുന്ന ന്യൂട്രിമിക്സ് സാമ്പിളുകൾ പരിശോധനയ്ക്ക് അയയ്ക്കേണ്ടതും ഗുണനിലവാരം ഉറപ്പുവരുത്തേണ്ടതും ഈ പഞ്ചായത്തിലെ ഐ.സി.ഡി.എസിന്റെ ചുമതലയാണ്. ആയത് പരിശോധന വിധേയമാക്കാതെ വിതരണം ചെയ്തത് ശരിയായ നടപടിയല്ല. ഭാവിയിൽ ഇക്കാര്യത്തിൽ അടിയന്തിര ശ്രദ്ധപ്പതിയേണ്ടതാണ്.

## 3-22 അൺഫിറ്റായ കെട്ടിടത്തിൽ അങ്കണവാടി

പ്രവർത്തിക്കുന്നു.

സർക്കുലർ നം. 31055/ഡി.സി.2/2011/തസ്വഭവ തിയ്യതി 22.03.2011 പ്രകാരം അസി. എഞ്ചിനീയർ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നല്കാത്ത കെട്ടിടങ്ങളിൽ അങ്കണവാടികൾ പ്രവർത്തിക്കാൻ പാടില്ല. എന്നാൽ സെന്റർ നം.48 കരിങ്കുറ്റി അങ്കണവാടി അൺഫിറ്റായ കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നതായാണ് ഐ.സി.ഡി.എസ് രേഖാമൂലം അറിയിച്ചിട്ടുള്ളത്. പഞ്ചായത്ത് അങ്കണവാടി കെട്ടിടം പുതുക്കിപണിയുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്നാണ് ഐ.സി.ഡി.എസ് അറിയിച്ചിട്ടുള്ളത്. കുട്ടികളുടെ സുരക്ഷിതത്വത്തെ ബാധിക്കുന്ന ഇക്കാര്യത്തിൽ പഞ്ചായത്ത് എടുത്ത നടപടിയുടെ എന്താണെന്നും അങ്കണവാടികെട്ടിടത്തിന്റെ നിലവിലെ അവസ്ഥയെന്താണെന്നും ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-23 വിദ്യാർത്ഥികൾക്ക് കായിക പരിശീലനവും സ്പോർട്സ് - ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പൂർണ്ണമല്ല

പ്രോജക്ട് നമ്പർ - 55/2017

പ്രോജക്ടിന്റെ പേര് - വിദ്യാർത്ഥികൾക്ക് കായിക പരിശീലനവും സ്പോർട്സ് ഉപകരണങ്ങൾ നൽകലും

അടങ്കൽ - വികസനഫണ്ട് - 200000

ബിൽ നമ്പർ - 4/16-17 തീയതി - 25/3/17 തുക – 200000

കായിക പരിശീലനം - 50000

ഉപകരണങ്ങൾ വാങ്ങൽ - 150000

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഹെഡ്മാസ്റ്റർ

1 ഉപകരണങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തതിൻെറ രേഖകൾ ഹാജരാക്കിയിട്ടില്ല

2 പദ്ധതി നിർവ്വഹണത്തിനായി കോച്ചുമാരെ തെരഞ്ഞെടുത്തതിന്റെ രീതി വ്യക്തമല്ല. ഇവരുടെ യോഗ്യത സംബന്ധിച്ച രേഖകൾ ഹാജരാക്കിയിട്ടില്ല.

3 ഗുണഭോക്താക്കളെ തെരഞ്ഞെടുത്തത് എങ്ങനെയാണെന്നതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല

4 പരിശീലനം നൽകിയതിന്റെ വിശദ വിവരങ്ങൾ ഹാജരാക്കിയിട്ടില്ല

5 പദ്ധതിയുടെ മോണിറ്ററിംഗ് നടത്തിയിട്ടില്ല

6 വാങ്ങിയ ഉപകരണങ്ങൾ നിലവിൽ സൂക്ഷിച്ചിരിക്കുന്നതെവിടെയാണെന്നത്

വ്യക്തമാക്കേണ്ടതാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് ഓഡിറ്റ് എൻക്വയറി നമ്പർ 6/16-17 തീയതി 6/7/17 ന് മറുപടി നൽകിയിട്ടില്ല. വിശദമായി മറുപടി ലഭ്യമാക്കേണ്ടതാണ്.

0. ഗ്രാമപഞ്ചായത്ത് പരിധിയിലെ വിദ്യാർത്ഥികൾക്ക് കായിക പരിശീലനം ലഭ്യമാക്കലാണ് പദ്ധതി ലക്ഷ്യം വെയ്ക്കുന്നത്. പദ്ധതിക്കായി ഉപകരണങ്ങൾ വാങ്ങുന്നതിന് ടെണ്ടർ നടപടികൾ സ്വീകരിക്കുകയും ഉപകരണങ്ങൾ വാങ്ങുകയും ചെയ്തു. ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകങ്ങൾ കാണുന്നു.

## 3-24 ബാലസഭ സംഘാടനം - ചെലവ് രേഖകൾ മുഴുവൻ ഹാജരാക്കിയിട്ടില്ല.

പ്രോജക്ട് നമ്പർ - 53/2017

പ്രോജക്ടിന്റെ പേര് - ബാലസഭ സംഘാടനം 2016-17

അടങ്കൽ - വികസനഫണ്ട് - 35000

ബിൽ നമ്പർ - 3/16-17 തീയതി - 23/3/17 തുക – 35000

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഹെഡ്മാസ്റ്റർ

ഗ്രാമ പഞ്ചായത്ത് പരിധിയിലെ ബാലസഭ പ്രവർത്തനങ്ങൾ നടത്തുകയാണ് പദ്ധതി ലക്ഷ്യം. മേൽ ബിൽ പ്രകാരം പിൻ വലിച്ച തുകയിൽ ഗ്രാമ പഞ്ചായത്തിലെ 13 വാർഡുകളിലെ കുടുംബശ്രീ എ.ഡി.എസ് കൾക്ക് ബാലസഭാ സംഘാടനത്തിനായി 1000 രൂപ വീതവും സി.ഡി.എസ് ചെയർ പേഴ്സന് 950 രൂപ സ്റ്റേഷനറികൾ വാങ്ങുന്നതിനായും നൽകിയിട്ടുണ്ട്. എന്നാൽ മേൽ തുകകൾ വിനിയോഗിച്ചതിന്റെ ബില്ലുകൾ ഹാജരാക്കിയിട്ടില്ല. ആയത് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ7/16-17 തീയതി 6/7/17 ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. തുക ചെലവഴിച്ചതിന്റെ മുഴുവൻ രേഖകളും ഹാജരാക്കേണ്ടതാണ്. വ്യക്തമായ രേഖകളില്ലാതെ ചെലവഴിച്ച 13950 രൂപ തടസ്സപ്പെടുത്തുന്നു.

## 3-25 ജലനിധി വിഹിതം അടക്കൽ - വിനിയോഗ രേഖകൾ ഹാജരാക്കിയില്ല

ഗ്രാമ പഞ്ചായത്തിൽ ജലനിധി പദ്ധതികൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഗ്രാമ പഞ്ചായത്ത് വിഹിതം നൽകുന്നതിനായി താഴെപ്പറയുന്ന പ്രോജക്ടുകൾ മുഖേന തുക പിൻവലിച്ചിട്ടുണ്ട്.

I പ്രോജക്ട് നമ്പർ - 1/2017

പ്രോജക്ടിന്റെ പേര് - ജലനിധി വിഹിതം അടക്കൽ (ജനറൽ)

അടങ്കൽ - വികസനഫണ്ട് - ജനറൽ - 500000

- ധനകാര്യ കമ്മീഷൻ ഗ്രാന്റ് - 812299

ആകെ 1312299

ബിൽ നമ്പർ - 14/16-17 തീയതി - 30/11/16 തുക – 500000

ബിൽ നമ്പർ - 15/16-17 തീയതി - 30/11/16 തുക – 500000

ബിൽ നമ്പർ - 23/16-17 തീയതി - 23/01/17 തുക – 312299

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

II പ്രോജക്ട് നമ്പർ - 30/2017

പ്രോജക്ടിന്റെ പേര് - ജലനിധി ഗുണഭോക്തൃ വിഹിതം അടക്കൽ (TSP)

അടങ്കൽ - വികസനഫണ്ട് - ടി.എസ്.പി - 908054

ബിൽ നമ്പർ - 10/16-17 തീയതി - 30/11/16 തുക – 908054

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

മേൽ പ്രോജക്ടുകളുടെ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയതിന്റെ രേഖകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1) പ്രോജക്ട് നമ്പർ - 1/2017 ന് വകയിരുത്തിയ ബില്ലുകൾ പ്രകാരം പിൻവലിച്ച 1312299 രൂപയും പ്രോജക്ട് നമ്പർ - 30/2017 നിർവ്വഹണത്തിന്റെ ഭാഗമായി പിൻവലിച്ച 908054 രൂപയും ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിലുള്ള ജലനിധി A/c No. 32888847313, SBI കോട്ടത്തറ ബ്രാഞ്ചിൽ നിക്ഷേപിച്ചിട്ടുണ്ട്. തുക ചെലവഴിച്ചതിന്റെ രേഖകൾ ഇല്ല. മേൽ പദ്ധതി പ്രകാരം തുക ചെലവഴിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

2) ഗുണഭോക്തൃ കമ്മിറ്റികൾ ആവശ്യപ്പെടുന്ന തുക സെക്രട്ടറി അനുവദിച്ച് നൽകുന്നതായി കാണുന്നു. ഓരോ തുകയും നൽകുന്നതിന് മുമ്പ് പദ്ധതി പുരോഗതി സംബന്ധിച്ച് സെക്രട്ടറി പരിശോധന നടത്തിയത് സംബന്ധിച്ച രേഖകൾ ഹാജരാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ കീഴിൽ സ്വന്തമായി സാങ്കേതിക വിഭാഗം ഉണ്ടായിരിക്കെ, പരിശോധനക്കായി ആയതിന്റെ സേവനം ആവശ്യമായ സന്ദർഭങ്ങളിൽ സെക്രട്ടറി ഉപയോഗപ്പെടുത്തുന്നതായി കാണുന്നില്ല. എങ്ങനെയാണ് പദ്ധതിയുടെ പുരോഗതി

വിലയിരുത്തുന്നതെന്നും , ഗുണഭോക്തൃ കമ്മിറ്റികൾ വാങ്ങുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും ഗുണനിലവാരം ഉറപ്പ് വരുത്തുന്നതെന്നും വ്യക്തമാക്കേണ്ടതാണ്.

3) ജലനിധിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന പദ്ധതികളുടെ എസ്റ്റിമേറ്റ്, പദ്ധതി ഗുണഭോക്താക്കളുടെ വിവരം (പട്ടിക വർഗ്ഗം, മറ്റുവിഭാഗം തിരിച്ച്) ഗുണഭോക്തൃ വിഹിതം, ഗ്രാമപഞ്ചായത്ത് വിഹിതം, സർക്കാർ വിഹിതം, നാളിതു വരെ പിൻവലിച്ച ഗ്രാമപഞ്ചായത്ത് വിഹിതം, നാളിതുവരെ വികസന ഫണ്ടിൽ നിന്നും പിൻവലിച്ച പട്ടിക വർഗ്ഗക്കാരുടെ ഗുണഭോക്തൃ വിഹിതം, നാളിതുവരെ അടച്ച വിവിധ നികുതികളുടെ വിവരങ്ങൾ എന്നിവ പട്ടിക രൂപത്തിൽ നൽകേണ്ടതാണ്.

4) ജലനിധി പദ്ധതിയിൽ നടപ്പിലാക്കികൊണ്ടിരിക്കുന്ന കോട്ടത്തറ ലാർജ്ജ് വാട്ടർ സപ്ലൈ സ്കീമിന് വേണ്ടി നിർമ്മിച്ച കിണർ, വാട്ടർ ടാങ്ക് എന്നിവയ്ക്ക് ചെലവായ തുക സംബന്ധിച്ച് വിശദീകരിക്കേണ്ടതാണ്.

5. കേരള വാട്ടർ അതോറിറ്റിയിൽ നിന്നും കൈമാറ്റം ചെയ്ത കുടിവെള്ള വിതരണ പദ്ധതി ജലനിധി പദ്ധതിക്ക് കൈമാറ്റം ചെയ്യാനുന്നതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്. പ്രസ്തുത കുടിവെള്ള പദ്ധതി നിലവിൽ നടപ്പിലാക്കുന്നതിന് റീ ഹാബിലിറ്റേഷൻ മുഖേന ഉപയോഗപ്പെടുത്താമോ എന്നത് സംബന്ധിച്ചും വിശദീകരിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 20/16-17 തീയതി 10/7/17 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഇതിനായി ആകെ ചെലവഴിച്ച2220353 രൂപയുടെ ചെലവ് (1312299 + 908054) തടസ്സപ്പെടുത്തുന്നു.

## 3-26 വിനിയോഗ സാക്ഷ്യപത്രം - ഗുണഭോക്തൃ ലിസ്റ്റ് ഹാജരാക്കിയിട്ടില്ല.- അധിക തുക ബ്ലോക്ക് പഞ്ചായത്തിൽ ഒടുക്കി.

I പ്രോജക്ട് നമ്പർ - 21/2017

പ്രോജക്ടിന്റെ പേര് - പി.എം.എ.വൈ വിഹിതം അടക്കൽ (ജനറൽ)

അടങ്കൽ - വികസനഫണ്ട് - ജനറൽ - 680000

ബിൽ നമ്പർ - 8/16-17 തീയതി - 30/11/16 തുക – 280000

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

II പ്രോജക്ട് നമ്പർ - 24/2017

പ്രോജക്ടിന്റെ പേര് - പി.എം.എ.വൈ വിഹിതം അടക്കൽ (ടി.എസ്.പി)

അടങ്കൽ - വികസനഫണ്ട് - ടി.എസ്.പി - 400000

ബിൽ നമ്പർ - 11/16-17 തീയതി - 30/11/16 തുക – 400000

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

IIIപ്രോജക്ട് നമ്പർ - 29/2017

പ്രോജക്ടിന്റെ പേര് - പി.എം.എ.വൈ വിഹിതം അടക്കൽ (എസ്.സി.പി)

അടങ്കൽ - വികസനഫണ്ട് - എസ്.സി.പി -100000

ബിൽ നമ്പർ - 13/16-17 തീയതി - 30/11/16 തുക – 100000

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്ത് മുഖേന നടപ്പിലാക്കുന്ന പി.എം.എ.വൈ ഭവനനിർമ്മാണ പദ്ധതിയുടെ ഗ്രാമപഞ്ചായത്ത് വിഹിതം മേൽ പ്രോജക്ട് , ബില്ലുകൾ എന്നിവ പ്രകാരം തുക പിൻവലിച്ച് കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്ക് നൽകിയിട്ടുണ്ട്. പദ്ധതിയുടെ വിനിയോഗ സാക്ഷ്യപത്രം, ബ്ലോക്ക് പഞ്ചായത്തിന് നൽകിയ ഗുണഭോക്തൃലിസ്റ്റ് എന്നിവ ഹാജരാക്കാനായി നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 12/16-17 തീയതി 6/7/17ക്ക് മറുപടി നൽകിയിട്ടില്ല. ഗ്രാമ പഞ്ചായത്ത് നൽകിയ ഗുണഭോക്തൃ ലിസ്റ്റുകളോ, കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുമായി എത്ര ഗുണഭോക്താക്കൾ കരാറിൽ ഏർപ്പെട്ടിട്ടുണ്ടെന്നോ സംബന്ധിച്ച യാതൊരു രേഖകളും ഗ്രാമ പഞ്ചായത്തിൽ സൂക്ഷിക്കുകയോ ഓഡിറ്റിന് ഹാജരാക്കുകയോ ചെയ്തിട്ടില്ല. എഗ്രിമെന്റിൽ ഏർപ്പെട്ടിട്ടുള്ള ഗുണഭോക്താക്കളുടെ ഗ്രാമപഞ്ചായത്ത് വിഹിതം മാത്രമേ ഗ്രാമപഞ്ചായത്ത് നൽകേണ്ടതുള്ളൂ.

കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 27/08/2016 തീയതിയിലെ സി/211/16 നമ്പർ കത്ത് പ്രകാരം കോട്ടത്തറ ഗ്രാമപഞ്ചായത്തിലെ വിവിധ വിഭാഗം ഗുണഭോക്താക്കളുടെ എണ്ണം താഴെപ്പറയുന്നു

എസ്.സി.-- ഇല്ല

എസ്.റ്റി -- 6 പേർ

ന്യൂനപക്ഷം -- 5 പേർ

മേൽ കത്ത് പ്രകാരം ഗ്രാമ പഞ്ചായത്ത് ഓരോ വിഭാഗത്തിനും നൽകേണ്ട വിഹിതം

എസ്.സി.-- 20000/- രൂപ

എസ്.റ്റി -- 32500/- രൂപ

ന്യൂനപക്ഷം -- 20000/- രൂപ

ആയത് പ്രകാരം ആകെ നൽകേണ്ട തുകയുടെ വിവരം

| ഗുണഭോക്താക്കളുടെ വിഭാഗം | അടക്കേണ്ട തുക | അടച്ചത് | അധികം അടച്ചത് |
|---|---|---|---|
| എസ്.സി | 0 | 100000 | 100000 |
| എസ്.റ്റി | 195000 | 400000 | 205000 |
| ന്യൂനപക്ഷം | 100000 | 280000 | 180000 |
| ആകെ | 295000 | 780000 | 485000 |

കോട്ടത്തറ ഗ്രാമപഞ്ചായത്തിലുൾപ്പെട്ട ഗുണഭോക്താക്കളുടെ കാര്യത്തിൽ അടയ്ക്കേണ്ട വിഹിതത്തിൽ ഉപരിയായി ഗ്രാമപഞ്ചായത്ത് നൽകിയ മുഴുവൻ തുകയും തിരികെ ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിൽ ഒടുക്കേണ്ടതാണ്. ഇതേ രീതിയിൽ ബ്ലോക്ക് പഞ്ചായത്തിന് ഐ.എ.വൈ ഭവന പദ്ധതി വിഹിതമായി നൽകിയ തുക സംബന്ധിച്ച് (എഗ്രിമെന്റ് വെച്ച ഗുണഭോക്താക്കളുടെ വിഹിതം എത്രയെന്ന് കണക്കാക്കി) വിശദമായ പരിശോധന നടത്തേണ്ടതും അധികമായി ബ്ലോക്ക് പഞ്ചായത്തിന്റെ കൈവശമുള്ള തുക തിരികെ ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിൽ ഒടുക്കി വിവരം അറിയിക്കേണ്ടതുമാണ്.

## 3-27 പി.എച്ച്.സി ക്ക് മരുന്ന് വാങ്ങൽ- മരുന്ന് ലഭിച്ചിട്ടില്ല.

പ്രോജക്ട് നമ്പർ - 46/2017

പ്രോജക്ടിന്റെ പേര് - പി.എച്ച്.സി ക്ക് മരുന്ന് വാങ്ങൽ

അടങ്കൽ - മെയിന്റനൻസ് ഗ്രാന്റ് ( റോഡിതരം) - 50000

ബിൽ നമ്പർ - 4/16-17 തീയതി -01/3/17 തുക – 50000

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ പി.എച്ച്.സി

കോട്ടത്തറ ഗ്രാമ പഞ്ചായത്ത് പ്രൈമറി ഹെൽത്ത് സെന്ററിലേക്ക് മരുന്ന് വാങ്ങുന്നതിനായി മേൽ ബിൽ പ്രകാരം തുക പിൻവലിച്ച് കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് നൽകിയതായി ഹാജരാക്കിയ രേഖകളിൽ കാണുന്നു. എന്നാൽ ഓഡിറ്റ്

തീയതി വരെ മരുന്ന് ലഭിച്ചിട്ടില്ല. കൂടാതെ തുക കൈപ്പറ്റിയതായി കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്നും രശീതി ലഭിച്ചിട്ടില്ല. ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നമ്പർ 8/16-17 തീയതി 6/7/17ന് മറുപടി നൽകിയിട്ടില്ല. മരുന്ന് ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്. മരുന്ന് വാങ്ങുന്നതിനായി ചെലവഴിച്ച 50000/- രൂപ തടസ്സപ്പെടുത്തുന്നു. യഥാസമയം മരുന്ന് സപ്ലൈ ചെയ്യുന്നതിന്റെ വ്യവസ്ഥ ഉൾപ്പെടുത്തിക്കൊണ്ടുള്ള എഗ്രിമെൻറ് കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനുമായി വെയ്ക്കുന്നത് അഭികാമ്യമായിരിക്കും.

## 3-28 പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ മരുന്ന് നാളിതുവരെ ലഭിച്ചിട്ടില്ല.

പ്രോജക്ട് നമ്പർ - 45/2017

പ്രോജക്ടിന്റെ പേര് - പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ

അടങ്കൽ - വികസന ഫണ്ട് - 300000

ബിൽ നമ്പർ - 1/16-17 തീയതി -10/11/17 തുക – 115960

ബിൽ നമ്പർ - 2/16-17 തീയതി -1/3/17 തുക – 80210

ബിൽ നമ്പർ - 3/16-17 തീയതി -01/03/17 തുക – 50000

ബിൽ നമ്പർ - 5/16-17 തീയതി -30/03/17 തുക – 53830

ആകെ ചെലവ് 300000/-

=======

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ പി.എച്ച്.സി

കോട്ടത്തറ ഗ്രാമ പഞ്ചായത്ത് പ്രൈമറി ഹെൽത്ത് സെന്ററിന്റെ കീഴിലുള്ള പാലിയേറ്റീവ് സൊസൈറ്റിയിലേക്ക് മരുന്ന് വാങ്ങുന്നതിനും പാലീയേറ്റീവ് പ്രവർത്തനങ്ങളുടെ മറ്റ് ചെലവുകളും നടത്തുന്നതിന് മേൽ ബില്ലുകൾ പ്രകാരം തുക പിൻവലിച്ച് തുക ചെലവഴിച്ചിട്ടുണ്ട്. ബിൽ നമ്പർ 3/16-17 തീയതി -01/03/17 തുക – 50000 രൂപ പിൻവലിച്ച് മരുന്ന് ലഭ്യമാക്കുന്നതിനായി കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് നൽകിയതായി ഹാജരാക്കിയ രേഖകളിൽ കാണുന്നു. തുകയ്ക്ക് കൈപ്പറ്റ് രശീതി ലഭിച്ചിട്ടില്ല. ഓഡിറ്റ് തീയതി വരെ മരുന്ന് പി.എച്ച്.സിയിൽ ലഭിച്ചിട്ടില്ല. ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നമ്പർ 9/16-17 തീയതി 6/7/17 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മരുന്നുകൾ അടിയന്തിരമായി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതും വിവരം അറിയിക്കേണ്ടതുമാണ്. മരുന്ന് ലഭ്യമാക്കുന്നതിന് വേണ്ടി

ചെലവഴിച്ച 50000/- രൂപ തടസ്സപ്പെടുത്തുന്നു. യഥാസമയം മരുന്ന് സപ്ലൈ ചെയ്യുന്നതിനു വ്യവസ്ഥ ഉൾപ്പെടുത്തിക്കൊണ്ടുള്ള എഗ്രിമെൻറ്.

## 3-29 മൈലാടി - കോട്ടത്തറ റോഡ് മെയിന്റനൻസ് വർക്ക്- മൂല്യനിർണ്ണയം കണക്കാക്കിയതിലെ അപാകത നിമിത്തം അധിക ചെലവ്

ഓഡിറ്റിന് ലഭ്യമാക്കിയ മൈലാടി - കോട്ടത്തറ റോഡ് മെയിന്റനൻസ് വർക്കിന്റെ ഫയൽ പരിശോധിച്ചതിൽ മൂല്യനിർണ്ണയം കണക്കാക്കിയതിലെ അപാകത നിമിത്തം അധിക ചെലവ് വന്നിട്ടുണ്ട്. വിശദവിവരം താഴെകൊടുക്കുന്നു.

പ്രൊജക്ട് നം. 86/17 അടങ്കൽ 300000/-

കരാർ നം.14/16-17/24.01.17

അളവ് പുസ്തകം -337/17(പേജുകൾ 1-20)

ട്രഷറി ബിൽ നം.28/16-17/04.3.17 – 298253/- രൂപ.

ഈ വർക്കിന്റെ എസ്റ്റിമേറ്റ് ഇനം 5 പ്രകാരം സെന്ററിംഗിനും ഷട്ടറിംഗിനുമായി 139.32 ച.മീ. അളവിന് 273.16/ച.മീ. പ്രകാരം അനുവദിച്ചിട്ടുണ്ട്. അളവ് പുസ്തകം പേജ് 8,9 എന്നിവയിലെ രേഖപ്പെടുത്തലുകൾ പ്രകാരം (104.3+9.66=) 113.96 ച.മീറ്ററാണ് ഈ പ്രവൃത്തി ചെയ്തിട്ടുള്ളത്. എന്നാൽ അളവുകൾ അബ്സ്ട്രാക്റ്റിലേക്ക് എടുത്തെഴുതിയതിലെ അപാകത നിമിത്തം 113.96 ച.മീറ്ററിനുപകരം 139.32 ച.മീറ്റർ എന്ന് രേഖപ്പെടുത്തി തുക അനുവദിച്ചതിനാൽ (139.32 - 113.96=) 25.36 ച.മീറ്ററിനായി 6927.33 രൂപ അധികമായി നല്കിയിട്ടുണ്ട്. (25.36x273.16)

അധികം അനുവദിച്ച തുക പിന്നീട് തിരികെ ഈടാക്കിയിട്ടുണ്ടെങ്കിൽ അതിന്റെ വിശദ വിവരങ്ങൾ ഓഡിറ്റിന് നല്കണമെന്നും ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 04/16-17/04.7.2017) അസി.എഞ്ചിനീയർ നല്കിയ മറുപടിയിൽ അധികം നല്കിയ തുക തിരികെ ഈടാക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട് അധികം നല്കിയ തുക 6927 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. തുക തിരികെ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-30 കൊളവയൽ കോളനി നടപ്പാത കോൺക്രീറ്റ്- എസ്റ്റിമേറ്റിൽ ഇല്ലാത്ത പ്രവൃത്തിക്ക് തുക അനുവദിച്ചു.

ഗ്രാമ പഞ്ചായത്ത് തൻവർഷം നടപ്പാക്കിയ കൊളവയൽ കോളനി നടപ്പാത കോൺക്രീറ്റ് പ്രവൃത്തിയിൽ എസ്റ്റിമേറ്റിൽ ഇല്ലാത്ത പ്രവൃത്തിക്ക് തുക അനുവദിച്ചിട്ടുണ്ട്.

വിശദവിവരം താഴെ കൊടുക്കുന്നു.

പ്രൊജക്റ്റ് നം. 140/17 അടങ്കൽ -60100/-(ടി.എസ്സ്. പി.)

ടെണ്ടർ - വി.കെ.സുബൈർ (എസ്റ്റിമേറ്റ് നിരക്ക്)

അളവ് പുസ്തകം- 349/16-17(പേജുകൾ 1-7)

വൗച്ചർ നം. 31/21.3.17 60100/- രൂപ. (ട്രഷറി ബിൽ നം.30/28.3.17)

വെണ്ണിയോട് വലിയപുഴ പാലത്തിന് സമീപമുള്ള കോളനിയിലേക്ക് ഇറങ്ങാനുള്ള നടപ്പാത കോൺക്രീറ്റ് ചെയ്യുന്നതാണ് പദ്ധതി. വഴിക്ക് ഇരുഭാഗവും കരിങ്കൽ ഭിത്തികെട്ടിയതിനുശേഷം പാത കോൺക്രീറ്റ് ചെയ്യാനാണ് പദ്ധതി. എന്നാൽ അളവ് പുസ്തകം പരിശോധിച്ചതിൽ എസ്റ്റിമേറ്റിൽ ഇല്ലാത്ത കോൺക്രീറ്റിന്റെ അടിഭാഗം കരിങ്കല്ല് പേവിംഗ് നടത്തിയതിന് തുക അനുവദിച്ചിട്ടുണ്ട്. അതിന്റെ അളവ് താഴെപ്പറയും പ്രകാരമാണ്.

7.8*(1.8+1 )/2*0.25= 2.73 ഘ. മീ. പ്രവൃത്തിയുടെ മൂല്യമായി ഘന മീറ്ററിന് 2626.17രൂപ നിരക്കിൽ 7169.44 രൂപ അനുവദിച്ചിട്ടുണ്ട്. ഈ ഇനം എസ്റ്റിമേറ്റിൽ ഇല്ല, മാത്രമല്ല ഐ.ആർ.സി. സ്പെസിഫിക്കേഷന് വിരുദ്ധവുമാണ്. ഡ്രൈ റബ്ബിൾ പാക്കിംഗിനു മുകളിൽ കോൺക്രീറ്റിംഗ് ചെയ്യരുതെന്ന് ത.സ്വ.ഭ.വ. ചീഫ് എഞ്ചിനീയർ 16.10.2012 ൽ നല്കിയ ഡി.ബി.4-7462/2012/സി.ഇ. നമ്പർ കത്തിൽ നിഷ്കർഷിച്ചിട്ടുണ്ട്.

അപാകതകൾ വിശദീകരിക്കണമെന്ന് നൽകിയ ഓഡിറ്റ് എൻക്വയറി (നം. 18/16-17 /10.7.2017)ന് മറുപടിയായി 'നടപ്പാതയുടെ ഇരു സൈഡുകളും കല്ല് കെട്ടി മണ്ണ് ഫിൽ ചെയ്ത് അതിന് മുകളിൽ കോൺക്രീറ്റ് ചെയ്യുന്നതിനാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നത് എന്നും ഫില്ല് ചെയ്ത മണ്ണിന് മതിയായ ഉറപ്പ ലഭിക്കുന്നതിനാണ് കല്ല് പാകിയത്' എന്നുമാണ്. ഈ മറുപടി താഴെപ്പറയുന്ന കാരണങ്ങളാൽ തൃപ്തികരമല്ല.

1. മണ്ണ് ഫില്ലിംഗിന് എസ്റ്റിമേറ്റിൽ ഇനം ഉൾക്കൊള്ളിച്ചിട്ടില്ല.
2. കരിങ്കൽ പേവിംഗിന് എസ്റ്റിമേറ്റിൽ ഇനം ഉൾക്കൊള്ളിച്ചിട്ടില്ല.
3. ഐ.ആർ.സി. സ്പെസിഫിക്കേഷന് വിരുദ്ധമാണെന്നും അതിനാൽ ചെയ്യരുതെന്നും ത.സ്വ.ഭ.വ. ചീഫ് എഞ്ചിനീയർ നിഷ്കർഷിച്ചിട്ടുള്ളതാണ്.

മേൽ കാരണങ്ങളാൽ 2.73 ഘ. മീ. കരിങ്കൽ പേവിംഗിന് മൂല്യനിർണ്ണയമായി അനുവദിച്ച തുക 7169/- രൂപ ഓഡിറ്റിൽ അനുവദനീയമല്ലാത്ത ചെലവുകളിൽപ്പെടുത്തുന്നു.

## 3-31 തൊഴിലാളി ക്ഷേമനിധി വിഹിതം അടച്ചത് - കൈപ്പറ്റ്

<u>വിവരം ലഭ്യമല്ല.</u>

അസി.എഞ്ചിനീയർ തൻവർഷം നടപ്പാക്കിയ പൊതുമരാമത്ത് പ്രവൃത്തികളുടെ ബില്ലുകളിൽ നിന്നും ഈടാക്കിയ തൊഴിലാളി ക്ഷേമനിധി വിഹിതം അടച്ചത് കേരള സംസ്ഥാന തൊഴിലാളി ക്ഷേമനിധി ബോർഡിൽ കൈപ്പറ്റിയതായി രേഖകളില്ല. തൻവർഷം തൊഴിലാളി ക്ഷേമനിധി വിഹിതം ട്രഷറിയിൽ നിന്നും പിൻവലിച്ച് ഡി.ഡി.മുഖേന ഒടുക്കുകയും, സാമ്പത്തിക വർഷാവസാനത്തോട് അടുത്ത കാലത്ത് ട്രഷറിയിൽ നിന്നും നേരിട്ട് ട്രാൻസ്ഫർ ക്രെഡിറ്റായി നല്കുകയും ചെയ്തിട്ടുണ്ട്. രണ്ട് സംഗതിയിലും തുക കൈപ്പറ്റിയതായി രേഖകളില്ല. വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | കത്ത് നം. തിയ്യതി | തുക(രൂപ) | റിമാർക്സ് |
|---|---|---|---|
| 1 | നം എ.ഇ./കെ.ടി.ആർ.എ./ ഡബ്ല്യൂ.എഫ്./ 17/16-17/01.11.16 | 27129 | ട്രഷറിയിൽ നിന്നും പിൻവലിച്ച് ഡി.ഡി. ആയി അയച്ചത് |
| 2 | നംഎ.ഇ./കെ.ടി.ആർ.എ./ ഡബ്ല്യൂ.എഫ്./ 344/16-17/02.02.17 | 12269 | ട്രഷറിയിൽ നിന്നും പിൻവലിച്ച് ഡി.ഡി. ആയി അയച്ചത് |
| 3 | നം.എ..ഇ./കെ.ടി.ആർ.എ./ ഡബ്ല്യൂ.എഫ്./344/16-17/01.11.16 | 85326 | ട്രഷറിയിൽ നിന്നും ട്രാൻസ്ഫ ർ ക്രെഡിറ്റ് |

| | | | |
|---|---|---|---|
| | ആകെ | 124724 | |

കൈപ്പറ്റ് രേഖകളുണ്ടെങ്കിൽ ഓഡിറ്റിൽ ഹാജരാക്കണമെന്ന് ഓഡിറ്റ് എൻക്വയറി.നം. 19/16-17/19.7.2017 മുഖേന ആവശ്യപ്പെട്ടിരുന്നുവെങ്കിലും ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കേണ്ടതാണ്.

## 3-32 ചെറുപുഴ-മാങ്ങോട്ടുകുന്ന് റോഡ് ടാറിംഗ് - കേടുപാടുകൾ സംബന്ധിച്ച്

തൻവർഷം നടപ്പാക്കിയ ചെറുപുഴ-മാങ്ങോട്ടുകുന്ന് റോഡ് ടാറിംഗ് നടത്തിയ സ്ഥലം 10.7.17 ന് പരിശോധിച്ചതിൽ റോഡ് തൻ വർഷം ടാറിംഗ് വർക്ക് നടത്തിയതിന്റെ അവസാന ഭാഗത്ത് കേടുപാടുകൾ വന്നതായി കണ്ടു . പദ്ധതിയുടെ വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു.

പ്രൊജക്ട് നം. 194/16 അടങ്കൽ 500000/-

കരാർ നം.1/16-17/06.06.16

അളവ് പുസ്തകം -13/16-17(പേജുകൾ 1-21)

ട്രഷറി ബിൽ നം.8/16-17/27.12.16 – 477299/- രൂപ.

ഈ കേടുപാടുകൾ ശരിയാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിശദവിവരങ്ങൾ ഓഡിറ്റിന് നല്കണമെന്നും . നടപടികൾ സ്വീകരിച്ചിട്ടില്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കണമെന്നും, അപാകതകൾ സംബന്ധിച്ച് വിശദീകരണം നൽകണമെന്നും ഓഡിറ്റ് എൻക്വയറി.നം. 22/16-17/11.7.2017 മുഖേന ആവശ്യപ്പെട്ടിരുന്നുവെങ്കിലും മറുപടിയൊന്നും നല്കിയിട്ടില്ല. ഈസാഹചര്യത്തിൽ ചെലവഴിച്ച തുക 477299/- രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു. അപാകതകൾ പരിഹരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ | ലഭിച്ച തുക | പദ്ധതി പേര്, പ്രോജക്ട് നം. | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| സ്ഥാപനം | | | | |
| ജില്ലാപഞ്ചായത്ത് | 2,46,960/- | പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രഭാത ഭക്ഷണം - 67/17 | 2,46,960/- | - |
| ജില്ലാപഞ്ചായത്ത് | 5,10,000 | നെൽകൃഷി കൂലിചെലവ് സബ്സിഡി(ജനറൽ) | - | 5,10,000 |
| ജില്ലാപഞ്ചായത്ത് | 2,17,500 | നെൽകൃഷി കൂലിചെലവ് സബ്സിഡി(പട്ടിക വർഗ്ഗം) | - | 2,17,500 |
| ബ്ളോക്ക് പഞ്ചായത്ത് | 1,95,600 | പാൽ സബ്സിഡി വിഹിതം | - | 1,95,600 |

# 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണഎജൻസി | പ്രവർത്തിയുടെ പേര് | വൗച്ചർ/ചെക്ക് നംമ്പർ | മുൻകൂർ നല്കിയതുക | ചെലവഴിച്ചതുക | ചെലവഴ്ക്കാൻ ബാക്കിയുഴള്ളതുക |
|---|---|---|---|---|---|
| ഇല്ല | | | | | |

# 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

# 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം/ തിയ്യതി | വായ്പ തുക | തിരിച്ചടക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | വർഷാവസാനം ബാക്കി |
|---|---|---|---|---|---|
| ഇ.എം.എസ് ഭവനം | 428/10-06.02.2010 | 70,00000/- | 13,17,023 | 300000 | 1017023 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| വർഷം | 2016-17 |
|---|---|
| ഇല്ല | |

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ /- രൂപയുടെ വരവുണ്ട്.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

| ഓഡിറ്റ് വർഷം,ഖണ്ഡികനം | സമാഹൃത റിപ്പോർട്ട് വർഷം ,ഖണ്ഡികനം | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|
| 2005-06<br>ഖണ്ഡിക 3.3 | 2008-09<br>ഖണ്ഡിക 3.9.6 | ജോലിക്ക് കൂലി ഭക്ഷണം-മുൻകൂർ തുക നല്കി .പ്രവർത്തി പൂർത്തീകരിച്ചില്ല | റവന്യൂ റിക്കവറിക്ക് നടപടി സ്വീകരിച്ചുവരുന്നു. |
| 2006-07<br>ഖണ്ഡിക 3.19 | 2009-10<br>ഖണ്ഡിക 3.7.6 | കുടുംബശ്രീ നടപ്പിലാക്കിയ ആശ്രയ പദ്ധതി കമ്പ്യൂട്ടർ സ്ഥാപിക്കൽ പ്രയോജനപ്പെട്ടില്ല. | റവന്യൂ റിക്കവറിക്ക് കാസർഗോഡ് ജില്ലാകളക്ടർക്ക് മുൻമ്പാകെ ഓൺലൈൻ അപേക്ഷ നല്കിയിട്ടുണ്ട്. |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 8,54,43,213 /- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 7,11,47,216/- |

| | | |
|---|---|---|
| വരവിനങ്ങളിലുള്ള നഷ്ടം | : | 69,965/- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 47,07,346/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 54,33,846/- |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-3 | 61300/- | | ശ്രീ.തങ്കച്ചൻ.ഇ.എ, അസി.എഞ്ചിനീയർ |
| 2.4 | 8665/- | | ശ്രീ .കെ. ശ്രീജിത്ത്, സെക്രട്ടറി |
| 3-2 | | 11,33,300 /- | ശ്രീമതി .ഉമാദേവി,ടി.ഇ.ഒ |
| 3-6 | | 4,98,000 /- | ശ്രീമതി .ഉമാദേവി,ടി.ഇ.ഒ |
| 3-7(3) | | 81900/- | ശ്രീമതി .ഉമാദേവി,ടി.ഇ.ഒ |
| 3-7(4) | | 3,60,490/- | ശ്രീമതി .ഉമാദേവി,ടി.ഇ.ഒ |
| 3-10(2) | | 15,000/- | ഡോ.ജവാദ്.എൻ, വെറ്ററിനറി സർജൻ |
| 3-10(3) | | 6,95,314/- | ഡോ.ജവാദ്.എൻ, വെറ്ററിനറി സർജൻ |
| 3-12 | | 5,45,000/- | ഡോ.ജവാദ്.എൻ, വെറ്ററിനറി സർജൻ |
| 3-16 | | 2,60,000/- | ശ്രീ.സായൂജ്.വി,<br>കൃഷി ഓഫീസർ |
| 3-17 | | 35,546/- | ശ്രീ.സായൂജ്.വി,<br>കൃഷി ഓഫീസർ |
| 3-18 | | 1,50,000/- | ശ്രീ.സായൂജ്.വി,<br>കൃഷി ഓഫീസർ |
| 3-19 | | 7,27,500/- | ശ്രീ.സായൂജ്.വി, |

| | | | |
|---|---|---|---|
| | | | കൃഷി ഓഫീസർ |
| 3-20 | | 1,91,200/- | ശ്രീ.സായൂജ്.വി,<br><br>കൃഷി ഓഫീസർ |
| 3.29 | | 6927/- | ശ്രീ.തങ്കച്ചൻ.ഇ.എ,<br>അസി.എഞ്ചിനീയർ |
| 3.30 | | 7169/- | ശ്രീ.തങ്കച്ചൻ.ഇ.എ,<br>അസി.എഞ്ചിനീയർ |
| ആകെ | 69,965 | 47,07,346/- | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക.

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 1,88,800/- | ശ്രീമതി .ഉമാദേവി,ടി.ഇ.ഒ |
| 3-3 | 2,05,000 /- | ശ്രീമതി .ഉമാദേവി,ടി.ഇ.ഒ |
| 3-4 | 4,40,000 /- | ശ്രീമതി .ഉമാദേവി,ടി.ഇ.ഒ |
| 3-5 | 2,88,000/- | ശ്രീമതി .ഉമാദേവി,ടി.ഇ.ഒ |
| 3-7 | 1,57,148 /- | ശ്രീമതി .ഉമാദേവി,ടി.ഇ.ഒ |
| 3-8 | 1,72,500/- | ഡോ.ജവാദ്.എൻ, വെറ്ററിനറി സർജൻ |
| 3-9 | 2,00000/- | ഡോ.ജവാദ്.എൻ, വെറ്ററിനറി സർജൻ |
| 3-11 | 1,37,500/- | ഡോ.ജവാദ്.എൻ, വെറ്ററിനറി സർജൻ |
| 3-13 | 33,300/- | ഡോ.ജവാദ്.എൻ, വെറ്ററിനറി സർജൻ |
| 3-14 | 2,00000/- | ഡോ.ജവാദ്.എൻ, വെറ്ററിനറി സർജൻ |
| 3-17 | 6,00000/- | ശ്രീ.സായൂജ്.വി,<br><br>കൃഷി ഓഫീസർ |
| 3-24 | 13,950/- | ശ്രീ. സുപ്രൻ,ഹെഡ്മാസ്റ്റർ |
| 3.25 | 22,20,353/- | ശ്രീ .കെ. ശ്രീജിത്ത്, സെക്രട്ടറി |
| 3-27 | 50,000/- | ഡോ.അജേഷ്. പി.പി |
| 3.28 | 50,000/- | ഡോ.അജേഷ്. പി.പി |
| 3.32 | 4,77,295/- | ശ്രീ.തങ്കച്ചൻ.ഇ.എ, അസി.എഞ്ചിനീയർ |

| | | |
|---|---|---|
| ആകെ | 54,33,846/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| ഇല്ല | | |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഖണ്ഡിക 2-4

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ.

| ക്രമ.നം | പേര്,തസ്തിക | ഔദ്യോഗിക മേൽ വിലാസം | സ്ഥിരം മേൽ വിലാസം |
|---|---|---|---|
| 1 | ശ്രീ.തങ്കച്ചൻ.ഇ.എ | അസി.എഞ്ചിനീയർ | ഇടത്തുകൈക്കൽ(വീട്),പനമരം-കൊയിലേരി-670721 |
| 2 | ശ്രീ .കെ. ശ്രീജിത്ത് | സെക്രട്ടറി | കരിങ്ങാളി, മൊടക്കല്ലൂർ,അത്തോളി-673321 |
| 3 | ഡോ.ജവാദ്.എൻ | വെറ്ററിനറി സർജൻ | ഷൈൻ,നടുവട്ടം,നോർത്ത് ബേപ്പൂർ-673015 |
| 4 | ശ്രീ.സായൂജ്.വി | കൃഷി ഓഫീസർ | അനജസ്(വീട്),<br>വെള്ളമുണ്ട-670731. |

# 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1985-86 | നം.എൽ.എഫ്.(ഡബ്ള്യൂ)പി1-721/08തീയ്യതി-28.07.08 | - |
| 1986-87 | നം.എൽ.എഫ്.(ഡബ്ള്യൂ)പി1-721/08(5) തീയ്യതി-28.07.08 | - |
| 1990-91,91-92 | നം.എൽ.എഫ്.(ഡബ്ള്യൂ)പി2-101/95 തീയ്യതി-22.10.97 | - |
| 1996-97 | നം.എൽ.എഫ്.(ഡബ്ള്യൂ)പി1-37/07 തീയ്യതി-08.03.07 | - |
| 1997-98 | നം.എൽ.എഫ്.(ഡബ്ള്യൂ)പി3-44/07, തീയ്യതി-07.05.05 | - |

| | | |
|---|---|---|
| 1998-99 | നം.എൽ.എഫ്.(ഡബ്ള്യ)പി1-35/07, തീയ്യതി-28.02.2006 | - |
| 1999-00 | നം.എൽ.എഫ്.(ഡബ്ള്യ)പി3-246/01, തീയ്യതി-18.03.01 | - |
| 2000-01 | നം.എൽ.എഫ്.(ഡബ്ള്യ)പി1-528/04 തീയ്യതി-04.05.05 | - |
| 2001-02 | നം.എൽ.എഫ്.(ഡബ്ള്യ)പി3-101/04, തീയ്യതി-02.09.04 | - |
| 2001-02 | നം.എൽ.എഫ്.(ഡബ്ള്യ)പി3-525/06, തീയ്യതി 12.03.08 | - |
| 2002-03 | നം.എൽ.എഫ്.(ഡബ്ള്യ)പി3-524/06 തീയ്യതി-13.02.08 | - |
| 2003-04 | നം.എൽ.എഫ്.(ഡബ്ള്യ)പി1-308/07, തീയ്യതി-13.02.08 | - |
| 2004-05 | നം.എൽ.എഫ്.(ഡബ്ള്യ)പി1-222/07 തീയ്യതി-02.04.09 | - |
| 2005-06 | നം.എൽ.എഫ്.(ഡബ്ള്യ)പി1-740/07 തീയ്യതി-11.06.08 | - |
| 2006-07 | നം.എൽ.എഫ്.(ഡബ്ള്യ)പി1-564/09 തീയ്യതി-05.12.09 | - |
| 2007-08 | നം.എൽ.എഫ്.(ഡബ്ള്യ)പി1-669/09 തീയ്യതി-11.01.10 | - |
| 2008-09 | നം.എൽ.എഫ്.(ഡബ്ള്യ)പി1-570/12 തീയ്യതി-19.09.12 | - |
| 2009-10,10-11 | നം.എൽ.എഫ്.(ഡബ്ള്യ)പി1-570/12 തീയ്യതി-19.09.12 | - |
| 2012-13 | നം.എൽ.എഫ്.(ഡബ്ള്യ)പി.4-100/2015, തീയ്യതി-21.03.15 | - |
| 2013-14 | നം.കെ.എസ്.എ.(ഡബ്ള്യൂ.വൈ.ഡി)പി4-145/2015 തീയ്യതി. 21.03.15 | - |
| 2015-16 | നം.കെ.എസ്.എ.(ഡബ്ള്യൂ.വൈ.ഡി)പി4-673/16 തീയ്യതി 07.10.16 | - |

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,വയനാട്

## അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.(ഡബ്ല്യൂ.വൈ.ഡി)പി.4-423/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം വയനാട്, കൽപ്പറ്റ. പിൻ -673121

തിയ്യതി : 02/08/2017.

Phone- 04936 203672

Email- dowyd.ksad@kerala.gov.in

സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽഫണ്ട് വകുപ്പ് നിയമത്തിന്റെ 4-ാം വകുപ്പ് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും വയനാട് ജില്ലയിലെ കോട്ടത്തറ ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങളിൽ ഒഴികെ എന്റെ അഭിപ്രായത്തിൽ കോട്ടത്തറ ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,വയനാട്

AUDIT CERTIFICATE

No. KSA.(WYD)/P4/423/17

Kerala State Audit Department

District Audit Office Wayanad, Kalpetta-673121

Phone: 04936-203672

Dated.02/08/2017.

Email- dowyd.ksad@kerala.gov.in

CERTIFICATE

Certified that I have examined the Annual Financial Statement of Kottathara Grama

Panchayath in Wayanad District for the year ended on 31.03.2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayath Raj Act 1994; the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayath Raj institutions.

In my opinion, the financial statements of Kottathara Gramapanchayath for the year 2016-17 except the observations in My audit report properly presents the picture of income and expenditure.

Deputy Director

Kerala Stat Audit Department

District office, Wayanad.